# ക്രൈസ്തവ
# വനിത

## March - April 2013



"ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും
രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു."
1 കൊരിന്ത്യർ 1:18

A fundamental Christian bi-monthly publication
of the women, by the women, for the women

# CHRISTIAN WOMAN

Telephone 0471-244-8079
e-mail: the2johns@gmail.com

Annamma C. John Founder
Mobile: 9495679664

**Editorial Board**

Mrs. Preetha Denny — Chief Editor
Mrs. Mary Anchan — Associate Editor

Sub Editors
Mrs. Sherine Kingston
Mrs. Sobha Selin

Vol. VII **March - April 2013** No. 2

**താളുകൾ മറിക്കുമ്പോൾ**

| | |
|---|---|
| എഡിറ്റോറിയൽ | 1 |
| വേദപുസ്തക വനിതകൾ | 3 |
| തത്ക്കാലം പോകാം | 7 |
| തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം | 11 |
| ധാരാളം ക്ഷമിക്കുന്ന നമ്മുടെ ദൈവം | 15 |
| നേരോടെ നടക്കുക | 17 |
| വീഞ്ഞില്ലാത്ത ഭവനം | 20 |
| ഗുണകരമായി സംസാരിക്കുന്ന രക്തം | 23 |
| അവഗണിക്കപ്പെടുന്ന യുവാക്കൾ | 24 |
| ചോദ്യോത്തരപംക്തി | 26 |
| Quest 29 | 28 |
| Quest 28 ന്റെ ഉത്തരങ്ങൾ | cover iii |

വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:

**ഷെറിൻ കിംഗ്സ്റ്റൺ**

ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 031

*For private circulation only*

*എഡിറ്റോറിയൽ*



# ഓഹരി വാങ്ങി അകന്നു പോകുന്നവർ

ലൂക്കൊസ് 15-ാം അദ്ധ്യായത്തിൽ കർത്താവ് തന്റെ ശിഷ്യന്മാരോട് പറയുന്ന ഒരു ഉപമയാണ് മുടിയനായ പുത്രന്റെ ഉപമ. ഒരു മനുഷ്യന്റെ രണ്ട് പുത്രന്മാരിൽ ഇളയ മകൻ അപ്പനോട് സ്വത്തിൽ തന്റെ പങ്ക് ആവശ്യപ്പെടുന്നു. മാതാപിതാക്കളുടെ നിയന്ത്രണം ഇഷ്ടപ്പെടാതിരുന്ന അവൻ തന്റെ കൂട്ടുകാരോടു കൂടി അടിച്ചുപൊളിച്ചു ജീവിക്കാൻ വേണ്ടിയായിരുന്നു സ്വത്ത് ആവശ്യപ്പെട്ടത്. തന്റെ സമ്പത്ത് ആ പിതാവിന് സ്വന്തം ഇഷ്ടപ്രകാരം ഉപയോഗിക്കാം എന്നിരിക്കെ ആ പിതാവിന്റെ സംരക്ഷണവും നിയന്ത്രണവും വിട്ട് വേറൊരു ചിന്തയുടെ അടിസ്ഥാനത്തിൽ കൂട്ടുകാരുടെ ഇഷ്ടപ്രകാരം ജീവിക്കാൻ അവൻ തീരുമാനിച്ചു. ദൈവം നല്കിയ ആ സമ്പത്തിന്റെ അവകാശം അവൻ ചോദിച്ചത് സുഖലോലുപതയിൽ ജീവിക്കാം എന്ന ഒരു ചിന്ത അവന്റെ മനസ്സിൽ സാത്താൻ കൊണ്ടുവന്നതു കൊണ്ടായിരുന്നു. സ്വന്തം ജീവിതത്തിൽ സമ്പത്തിനും അത് നല്കുന്ന സുഖസൗകര്യങ്ങൾക്കും പ്രാധാന്യം കൊടുത്തപ്പോൾ അവന്റെ ജീവിതം സാത്താന്റെ നിയന്ത്രണത്തിലായി. പിതാവും സഹോദരനും ചേർന്ന് അദ്ധ്വാനിച്ച സമ്പത്തിൽ നിന്ന് തന്റെ ഓഹരി എന്ന് പറഞ്ഞ് അവൻ വാങ്ങിയ ആ സമ്പത്തിൽ ദൈവത്തിന്റെ കൃപ നഷ്ടപ്പെട്ടതായി കാണാം. അഥവാ അത് ദൈവം നല്കിയതാണ് എന്ന ചിന്തയേ അവനിൽ ഇല്ലായിരുന്നു. 1 കൊരി.4:7-ൽ "ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളൂ? ലഭിച്ചതെങ്കിലും ലഭിച്ചതല്ല എന്നപോലെ പ്രശംസിക്കുന്നത് എന്ത്?" അതായത് നമ്മുടെ സമ്പത്തിന്റേയും നമുക്ക് ദൈവം തരുന്ന ഓരോ ദിവസങ്ങളുടേയും പോലും അവകാശം ദൈവത്തിനാണ്. ഈ ചിന്ത നമുക്ക് നഷ്ടപ്പെട്ടാൽ ദൈവിക സംരക്ഷണത്തിന് അർഹരല്ലാതായിത്തീരും. പിന്നീട് സാത്താനായിരിക്കും ആ വ്യക്തിയെ നിയന്ത്രിക്കുന്നത്. അപ്പൻ നല്കിയ സമ്പത്തെല്ലാം സ്വരൂപിച്ച് അവൻ ദൂരദേശത്തേക്ക് പോയി. വീട്ടുകാരെയും സ്വന്തഭവനത്തെയും ഉപേക്ഷിച്ചാണ് അവൻ യാത്രയായത്. ധാരാളം പണമുണ്ടായിരുന്ന അവനോടൊപ്പം അനേകം പേർ കൂട്ടുകാരായി എത്തി. ദുർന്നടപ്പിൽ ജീവിച്ച അവന്റെ സമ്പാദ്യമെല്ലാം നശിച്ചുപോയതായി കാണാം.

അനേകർ സ്വന്ത അദ്ധ്വാനത്തിന്റെയും മസ്സിൽ പവറിന്റെയും ഫലമാണ് തങ്ങളുടെ സമ്പാദ്യം എന്നാണ് കരുതുന്നത്. ചിലർ പറയും എന്റെ ബുദ്ധിയുപയോഗിച്ചാണ് സമ്പത്തായത് എന്ന്. ദൈവത്തിന് പൂർണ്ണ കർതൃത്വം നല്കാൻ പലരും സന്നദ്ധരല്ല. 'താൻ പാതി ദൈവം പാതി' എന്നതാണ് പലരുടേയും ചിന്ത. ചിലർ സമ്പത്ത് ലഭിച്ചാൽ പറയും 'എന്റെ ഭാഗ്യം' അല്ലെങ്കിൽ 'എന്റെ മകന്റെ/ മകളുടെ ഭാഗ്യം' എന്ന്. ഈ അഖിലാണ്ഡത്തെ സൃഷ്ടിച്ച ദൈവമാണ് തന്നെ ഇങ്ങനെയൊക്കെ നിലനിർത്തുന്നത് എന്ന ചിന്തയേ പലർക്കുമില്ല. ദൈവം ഇത്രയൊക്കെ തന്നതാണല്ലോ ദൈവ

ത്തിനും കുറച്ച് ഇരിക്കട്ടെ എന്ന് ചിന്തിച്ച് കാണിക്കയും നേർച്ചകാഴ്ചകളും നല്കി ദൈവത്തെ പ്രസാദിപ്പിച്ചേക്കാം എന്ന് ചിന്തിക്കുന്നവരും ഉണ്ട്. ചിലർ ഒരു ഭാഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് വേണ്ടി നല്കും. പള്ളിപ്പെരുന്നാളുകളും മറ്റും നടത്തി ദൈവത്തെ പ്രസാദിപ്പിക്കാം എന്ന് കരുതുന്നവരും ഉണ്ട്. വിശ്വാസികൾ എന്നഭിമാനിക്കുന്ന ചിലർ പാസ്റ്റർമാർക്കും പ്രാർത്ഥന നടത്തുന്നവർക്കും കുറേ പണമോ സ്വത്തോ നല്കി ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നു. ആലയങ്ങൾ പണിത് നല്കി ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവരും ഉണ്ട്. ദൈവത്തിന് എന്താണ് വേണ്ടത് എന്ന് ശരിയായി മനസ്സിലാക്കാതെയാണ് പലരും ഇങ്ങനെയൊക്കെ ചെയ്യുന്നത്. അവനവനെത്തന്നെ പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുകയാണ് ചെയ്യേണ്ടത്. ''ആദ്യം ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക; ബാക്കിയെല്ലാം ചേർത്തു തരും'' എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. ദൈവത്തെ സന്തോഷിപ്പിച്ചോ, ദൈവത്തോടു മല്ലുപിടിച്ചോ, വഴക്കുണ്ടാക്കിയോ, കരഞ്ഞോ, കാലുപിടിച്ചോ കാര്യം നേടാം എന്ന് ചിലർ കരുതുന്നുണ്ടാകാം. ദൈവത്തിൽ നിന്നുള്ള ഓഹരി ലഭിച്ചാൽ പിന്നീട് അതിന്റെ മഹത്ത്വം പൂർണ്ണമായും താൻ സേവിക്കുന്ന കർത്താവിന് തന്നെ നല്കണം. അല്ലാതിരുന്നാൽ മുടിയനായ പുത്രന്റെ അവസ്ഥയിലായി തീരാം. ഓഹരി വാങ്ങി ദൈവിക സംരക്ഷണത്തിൽ നിന്നും അകന്നു പോകുന്നവർ സാത്താന്റെ വാക്ക് വിശ്വസിക്കുന്നവരും ദൈവത്തെ അവിശ്വസിക്കുന്നവരും ആയിത്തീരും. അവരുടെ അവസ്ഥ പന്നിക്കുഴിയിൽ കഴിയേണ്ടി വന്ന ആ മകന്റെ അവസ്ഥയ്ക്ക് തുല്യമായി തീരും. അനുതപിച്ച് ദൈവസന്നിധിയിലേക്കും സ്വന്തപിതാവിന്റെ അടുക്കലേക്കും മടങ്ങി വരുവാൻ ആ മകന് കഴിഞ്ഞു എന്നതിനാൽ അവൻ രക്ഷപ്രാപിച്ചു. അനുതപിക്കുന്ന പാപിയെ സകലതും മറന്ന് കൈക്കൊള്ളുന്നവനാണ് നമ്മുടെ ദൈവം. നഷ്ടപ്പെട്ടുപോകുന്ന ഓരോ മനുഷ്യാത്മാവിനേയും വീണ്ടെടുക്കുക എന്നതാണ് ഓരോ വിശ്വാസിയുടേയും കടമ. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ ലോകത്തിലേക്ക് കടന്ന പാപം ഏകന്റെ അനുസരണത്താൽ ദൈവം നീക്കിക്കളഞ്ഞു. "അവനെ കൈക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു." പാപികളായ മനുഷ്യവർഗ്ഗത്തെ സ്വർഗ്ഗത്തിലേക്ക് കൈപിടിച്ചുയർത്താൻ തന്റെ ഏകജാതനെ ക്രൂശിൽ തകർത്തു കളയുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു. പിതാവിന്റെ ഇഷ്ടപ്രകാരം ആ പാനപാത്രം സ്വീകരിച്ച പുത്രൻ മൂന്നാം നാൾ മരണത്തെ ജയിച്ച് ജയഭേരിയോടെ ഉയിർത്തെഴുന്നേറ്റു. ലോകത്തിനു വേണ്ടി എന്തെല്ലാം ചെയ്യേണം എന്ന് സ്വന്തശിഷ്യന്മാരെ പഠിപ്പിച്ച കർത്താവ് മേഘാരൂഢനായി സ്വർഗ്ഗത്തിലേക്ക് കരേറി; ഇന്നും നമുക്ക് വേണ്ടി പിതാവായ ദൈവത്തോട് പക്ഷവാദം ചെയ്യുകയാണ്. ദൈവത്തിൽ നിന്ന് ഓഹരി വാങ്ങി അകന്നു പോകുന്നവരാകാതെ, കർത്താവിന് വേണ്ടി അദ്ധ്വാനിക്കുന്നവരാകുവാൻ ദൈവം കൃപ ചെയ്യുമാറാകട്ടെ.

**പ്രീത ഡെന്നി**

ചീഫ് എഡിറ്റർ, തിരുവനന്തപുരം

# വേദപുസ്തക വനിതകൾ (തുടർച്ച)

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

## യേശുവിന്റെ അമ്മയായ മറിയ

കഫർന്നഹൂമിൽ യേശുവും ശിഷ്യന്മാരും ചെന്നപ്പോൾ ബഹുജനം യേശുവിനെ കാണുവാനും കേൾക്കുവാനും കടന്നു വന്നു. യേശു പുരുഷാരത്തോട് സംസാരിച്ചു കൊണ്ടിരുന്നപ്പോൾ യേശുവിന്റെ അമ്മയും സഹോദരന്മാരും പുറത്തു നിന്നു. അവർ യേശുവിനെക്കാണുവാൻ ആഗ്രഹിക്കുന്നു എന്നറിയിച്ചു. സാധാരണ നിലയിൽ മകനേക്കാണുവാൻ അനുവാദം ചോദിക്കുകയോ കാത്തു നില്ക്കുകയോ ചെയ്യേണ്ടതുണ്ടോ എന്ന് ന്യായമായി ചിന്തിക്കാവുന്നതാണ്. എന്നാൽ മകനാണെങ്കിലും ദൈവമാണെന്ന ധാരണ ഈ മാതാവിന്റെ ഉള്ളത്തിൽ സംഗ്രഹിച്ചിരുന്നു.

മറിയ നിത്യകന്യകയും അമലോൽഭവയും എന്ന് വാഴ്ത്തി ദൈവതുല്യം ആരാധിക്കുന്ന ഒരു വലിയ വിഭാഗം ക്രിസ്തുമതാനുയായികൾ ഇന്ന് ലോകത്തിലുണ്ട്. അമ്മയും സഹോദരന്മാരും എന്ന പ്രയോഗം ശ്രദ്ധിക്കുക. ആ ദൈവങ്ങളെ സൃഷ്ടിക്കുന്നത് മതങ്ങളുടെ ഒരാവശ്യമാണ്. ഈ കാലഘട്ടത്തിൽ പോലും നമ്മുടെ ഇടയിൽ ജീവിച്ചിരുന്ന സാധാരണക്കാരായവരേ ദൈവമാക്കി ആരാധിക്കുന്നു. ദൈവത്തിന്റെ എതിരാളിയായ സാത്താന്റെ കുതന്ത്രമാണിത്. ജനങ്ങളെ സത്യദൈവത്തിൽ നിന്നും അകറ്റുകയാണ് അവന്റെ ലക്ഷ്യം. മനുഷ്യർക്ക് ഈ ആൾ ദൈവങ്ങളുടെ പേരിൽ കോടിക്കണക്കിന് രൂപയും സമ്പാദിക്കാം. ദൈവത്തേ വിറ്റു ധനം ആർജ്ജിക്കുന്ന കുബുദ്ധികൾ.

എന്നാൽ മനുഷ്യ ചരിത്രത്തിൽ നസ്രായനായ യേശുക്രിസ്തുവിന് തുല്യം വേറെ ആരെയും പ്രതിഷ്ഠിക്കുവാൻ കഴിയില്ല. നിസ്തുലനായ ദൈവപുത്രന്റെ അവകാശവാദങ്ങൾ മറ്റൊരുത്തരിലും നാം കാണുന്നില്ല. യേശു പറഞ്ഞു. ഞാനും സ്വർഗ്ഗീയ പിതാവും ഒന്നാകുന്നു. എന്നിലൂടെ അല്ലാതെ ആർക്കും സ്വർഗ്ഗരാജ്യത്തിൽ പിതാവിൻ സവിധം എത്താൻ കഴിയില്ല. ഞാനല്ലാതെ വേറൊരു ദൈവം ഉണ്ടാകരുത് എന്ന ദൈവകല്പനയുടെ ലംഘനമാണിത്. മറ്റൊരുത്തനിലും മറ്റൊന്നിലും ഇല്ലാത്ത ശാശ്വതമായ പ്രത്യേകതകൾ യേശു കർത്താവിൽ മാത്രമേയുള്ളൂ. അവനൊപ്പം പറയാനൊരാളുമില്ല അവനെപ്പോൽ ആരാധ്യരാരുമില്ല എന്ന കവി വാക്യം എത്ര സത്യമാണ്.

നാം ചിന്തിക്കുന്ന വേദഭാഗത്ത് അമലോൽഭവയായ നിത്യകന്യകയായ ദൈവമാതാവായി അവരോധിച്ചിരിക്കുന്നതു മാറ്റമില്ലാത്ത ദൈവവചനം ശക്തമായി നിഷേധിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ച് മനുഷ്യപുത്രനായ യേശുവിന് ജന്മം നല്കിയതുവരെ യോസേഫും മറിയയും ഭാര്യാഭർത്താക്കന്മാരായി ശാരീരികബന്ധം പുലർത്തിയിരുന്നില്ല. മകനെ പ്രസവിക്കുംവരെ യോസേഫ് മറിയയെ പരിഗ്രഹിച്ചിരുന്നില്ല. (മത്താ. 1:25) എന്നു പറഞ്ഞാൽ യേശു ജനിച്ചശേഷം യോസേഫ് മറിയയെ പരിഗ്രഹി

ച്ചിരുന്നു എന്നത് തർക്കമറ്റതാണ്. മത്താ. 1:18 -ൽ അവർ മറിയയും യോസേഫും **കൂടി വരും മുമ്പേ** എന്ന പ്രയോഗവും ശ്രദ്ധിക്കുക. ഇവിടെയും വളരെ വ്യക്തമാണ് പിന്നീട് അവർ കൂടിവന്നു എന്ന്.

യേശു തന്റെ പിതൃനഗരത്തിൽ പള്ളിയിൽ പ്രസംഗിച്ചത് കേട്ടു നിന്നവർ പറഞ്ഞത് ശ്രദ്ധിക്കുക. യേശുവിന് ഈ ജ്ഞാനം, വീര്യപ്രവൃത്തി ഇവ എവിടെ നിന്നു കിട്ടി? ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ അമ്മ മറിയ എന്നവളല്ലയോ? ഇവന്റെ സഹോദരന്മാർ യാക്കോബ്, യോസേ, ശിമോൻ, യൂദ എന്നിവരല്ലേ? ഇവന്റെ സഹോദരികളും നമ്മോടുകൂടെയല്ലയോ? (മത്താ. 13:53-56). യേശു ജനിച്ചശേഷം യോസേഫിന് മറിയയിൽ നാലു ആൺ മക്കളും കുറഞ്ഞ പക്ഷം രണ്ടു സഹോദരിമാരും ജനിച്ചു. പിന്നെ എങ്ങനെ മറിയ നിത്യകന്യകയും അമലോൽഭവയുമാകും. ഇത് ക്രൈസ്തവ സഭ എന്നറിയപ്പെടുന്ന ക്രിസ്തീയ മതത്തിന്റെ സംഭാവനയാണ്. മതങ്ങളുടെ നിലനില്പിന് ആൾ ദൈവങ്ങളാവശ്യമാണ്. സാത്താൻ അവരെ ദൈവത്തിനെതിരായി ഉപയോഗിക്കുകയാണ്. ദൈവവചനം ഇതിനെതിരാണ്.

യേശുവിനെ കാണാൻ വന്ന അമ്മയേയും സഹോദരന്മാരേയുംപറ്റി യേശുവിന്റെ പ്രതികരണം ശ്രദ്ധിക്കുക. യേശു പറഞ്ഞു : എന്റെ അമ്മയും സഹോദരന്മാരും ആർ എന്നാണ് ചോദിക്കുന്നത്. തന്റെ ചുറ്റിലും ഇരിക്കുന്നവരേ നോക്കിക്കൊണ്ട് എന്റെ അമ്മയും സഹോദരന്മാരും ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരാണ്. യേശു തന്റെ ശിഷ്യഗണങ്ങളെ സഹോദരന്മാരേ എന്ന് സംബോധന ചെയ്തിട്ടുണ്ട്.

ആത്മീയ ബന്ധത്തിനാണ് മുൻതൂക്കം എന്ന് സ്ഥാപിക്കുകയായിരുന്നു. അതു കാലാതീതമായി നിലനില്ക്കുന്ന ബന്ധമാണ്. ശാരീരിക ബന്ധങ്ങൾ മരണം കൊണ്ട് അവസാനിക്കുന്ന കാലപരിധിയിലുള്ളതാണ്. യേശു തന്റെ മാനുഷിക ബന്ധങ്ങളെ അവഗണിച്ചു എന്ന് ഇതിനാൽ കരുതരുത്.

ദൈവം താൻ ഭൂമിയിലേക്ക് അയച്ച മനുഷ്യപുത്രനായ ദൈവം പിതാവിന്റെ ഇഷ്ടം നിവർത്തിക്കും എന്നതാണ് ലക്ഷ്യം. രക്ഷിക്കപ്പെട്ട ദൈവ മക്കൾ യേശുവിന്റെ സഹോദരന്മാർ തന്നെ എന്ന സത്യം സ്ഥാപിക്കുകയാണിവിടെ. മർക്കോസ് 3:31-35 മത്താ. 12:46-50 ലൂക്കോ. 8:19-21 ഈ വാക്യങ്ങൾ പരിശോധിക്കുക.

മൂന്നാമത് മറിയയെക്കുറിച്ചുള്ള പരാമർശം ദൈവവചനത്തിൽ യോഹന്നാന്റെ സുവിശേഷത്തിലാണ്. മാനുഷികബന്ധങ്ങളെ അവഗണിക്കുന്നില്ല എന്നതിന്റെ വ്യക്തമായ തെളിവ് യഹൂദന്മാരും റോമൻ പടയാളികളും ചേർന്ന് യേശുവിനെ കാൽവറിയിൽ മരക്കുരിശിൽത്തറച്ചു; ഇടത്തും വലത്തും രണ്ട് കൊടും കള്ളന്മാരും. യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോഫാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. പരിഹസിച്ചും അപമാനിച്ചും ചാട്ടവാർകൊണ്ട് അടിച്ചും ക്രൂശിൽ കിടക്കുന്ന മകനേ നോക്കിക്കാണുന്ന മാതാവിന്റെ മനോനില ഒന്നു ചിന്തിക്കുക. യേശു അവളേ കണ്ടിട്ട് താൻ സ്നേഹിച്ച ശിഷ്യനും (യോഹന്നാൻ) നില്ക്കുന്നത് കണ്ടിട്ട് സ്ത്രീയേ ഇതാ നിന്റെ മകൻ എന്ന് അമ്മയോട് പറഞ്ഞു. പിന്നെ ശിഷ്യനോട് ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴിക മുതൽ യോഹന്നാൻ മറിയയെ തന്റെ വീട്ടിൽ

കൈക്കൊണ്ടു. കാനാവിലും കഫർന്നഹൂമിലും നടന്ന സംഭവങ്ങൾ മാതാവിനെയോ സഹോദരന്മാരെയോ അവഗണിക്കുന്നതായിരുന്നില്ല. ക്രൂശിൽ മരണത്തോട് സമീപിച്ചിരിക്കുന്ന യേശു തന്റെ മാതാവിന്റെ അനന്തര സംരക്ഷണം താൻ സ്നേഹിക്കുകയും തന്നെ സ്നേഹിച്ചതുമായ ശിഷ്യനെ ഭരമേല്പിച്ചത് മാതാവിനോടുള്ള അതിരറ്റ സ്നേഹത്താലാണ്.

നാലാമതായിട്ടുള്ള പരാമർശം പ്രവൃത്തികളുടെ പുസ്തകത്തിലാണ്. ക്രൂശിക്കപ്പെട്ട ക്രിസ്തു മരിച്ചിട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. ശിഷ്യന്മാർക്ക് പലവട്ടം പ്രത്യക്ഷപ്പെട്ടു കൊണ്ട് നാല്പതു ദിവസം കഴിഞ്ഞു. ശിഷ്യരും തന്നെ അധികം സ്നേഹിക്കുന്ന മറ്റുള്ളവരും ചേർന്ന് ഒലിവുമലയിൽ നിന്നും അവർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തു. അതിന്നു ശേഷം അപ്പൊസ്തലന്മാരും സ്ത്രീകളോടു കൂടെ യേശുവിന്റെ അമ്മയായ മറിയയും യേശുവിന്റെ സഹോദരന്മാരും ചേർന്ന് മാളികമുറിയിൽ ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചു. (പ്രവൃ. 1:14) പിന്നീട് തിരുവചനം മറിയയെക്കുറിച്ച് ഒരു പരാമർശനവും നല്കിയിട്ടില്ല.

മറിയയ്ക്ക് വിശ്വാസവും വിനയവും ഉണ്ടായിരുന്നു. ദൂതന്റെ വാക്കുകളെ അവഗണിക്കാതെ വിശ്വസിച്ചുകൊണ്ട് വിനീതയായി ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു (ലൂക്കോ. 1:38). ദൈവത്തോടും ദൈവവചനത്തോടും നിങ്ങളുടെ മനോഭാവം എങ്ങനെയാണ്. മറിയ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാണ്, എന്തുകൊണ്ട്? അവളുടെ ആത്മാവ് ഉല്ലസിക്കുന്നത് ഈ ലോകത്തിലെ നശ്വരമായ കാര്യങ്ങളിലല്ല ദൈവത്തിൽ. ആ ദൈവം അവളുടെ രക്ഷിതാവാണ് (ലൂക്കോ. 1:47). മനുഷ്യ രക്ഷകനായി മന്നിൽ അവതരിച്ച ദൈവപുത്രനിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്നവരാണ് അനുഗ്രഹിക്കപ്പെട്ടവർ. സങ്കീ. 32:1 ലംഘനം ക്ഷമിച്ചും പാപം മറച്ചു കിട്ടിയവരുമാണ് ഭാഗ്യവാന്മാർ. സ്നേഹിതരേ നിങ്ങൾ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവരുടെ ഗണത്തിലാണോ? ഒരു നിമിഷം ചിന്തിക്കുക.

ഹൃദയപൂർവ്വമായ നന്ദിയോടെ അവൾ ആനന്ദഗാനം ആലപിച്ചു. ദൈവം തന്റെ ദാസിയുടെ താഴ്മ കടാക്ഷിച്ചിരിക്കുന്നു. ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും. ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു. അങ്ങയുടെ നാമം പരിശുദ്ധം തന്നെ (ലൂക്കോ.1:48-49). ദൂതന്മാർ തങ്ങളോട് പറഞ്ഞ കാര്യമാണ് ഇടയന്മാർ യോസേഫിനോടും മറിയയോടും പറഞ്ഞത് (ലൂക്കോ. 2:10-14). മറിയ ഇത് ഹൃദയത്തിൽ സംഗ്രഹിച്ചു 'ശിമ്യോന്റെ പ്രവചനം ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും തന്റെ ജനമായ യിസ്രായേലിന്റെ മഹത്ത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയ നിന്റെ രക്ഷ എന്റെ കണ്ണുകണ്ടുവല്ലോ എന്നതാണ്. യേശുശിശുവിനെ കൈയിൽ എടുത്തു കൊണ്ടാണ് ശിമ്യോൻ പ്രവചിച്ചത്. ഈ പ്രവചനത്തിൽ മാതാപിതാക്കന്മാർ ആശ്ചര്യപ്പെട്ടു.

പന്ത്രണ്ടാമത്തെ വയസ്സിൽ യെരുശലേം ദൈവാലയത്തിൽ മാതാപിതാക്കന്മാരോടു കൂടെപോയ യേശു ദൈവാലയത്തിലെ പുരോഹിതന്മാരോടും പണ്ഡിതശാസ്ത്രിമാരോടും തർക്കിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂട്ടത്തിൽ യേശുവും കാണുമെന്ന് വിചാരിച്ച് യോസേഫും മറിയയും വീട്ടിലേക്ക് യാത്ര

തിരിച്ച് കുറെദൂരം ചെന്നപ്പോൾ യേശുവിനെ തിരക്കി കണ്ടെത്തിയില്ല. അവർ തിരികെ ദൈവാലയത്തിൽ വന്നപ്പോൾ യേശു പണ്ഡിതന്മാരായവരുമായി തർക്കിച്ചു കൊണ്ടിരിക്കുന്നതാണ് കണ്ടത്. നീ ഞങ്ങളോട് കൂടെ വരാതെ ഇവിടെ തങ്ങിയതു എന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ഇരിക്കേണ്ടതല്ലയോ എന്നാണ് പറഞ്ഞത്. എന്റെ പിതാവ് സ്വർഗ്ഗത്തിലെ ദൈവമാണ് ദൈവത്തിന്റെ ആലയമാണിത്. ഇവിടെ അല്ലേ ഞാൻ ഇരിക്കേണ്ടത് എന്ന് യേശു തന്റെ ദൈവത്വത്തെ വെളിപ്പെടുത്തുകയായിരുന്നു. എന്നാൽ അതു ഗ്രഹിപ്പാൻ അവർക്ക് കഴിഞ്ഞില്ല.

ലോകരക്ഷകനായി പിറന്ന യേശുകർത്താവിന് ജന്മം നല്കുകയും വളർത്തുകയും ചെയ്ത മറിയ തന്റെ ക്രൂശീകരണത്തിന് മാത്രമല്ല ഉയിർത്തെഴുന്നേല്പിന്നും സാക്ഷ്യം വഹിച്ചു. മാത്രമല്ല സ്വർഗ്ഗാരോഹണം ചെയ്ത കർത്താവിനെ കണ്ടതുമാത്രമല്ല യേശുകർത്താവ് പറഞ്ഞതുപോലെ മാളിക മുറിയിൽപ്പോയി ശിഷ്യന്മാരോടും മറ്റും ചേർന്ന് ഒരുമനപ്പെട്ടു പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവാം ദൈവത്തിന്റെ ആഗമനത്തിന്റെ അനുഗ്രഹവും അനുഭൂതിയും അനുഭവിച്ചു. ഈ മറിയയുടെ ചരിത്രമാണ് ഈ വരികളിൽ കുറിക്കപ്പെട്ടത്. മറിയ ഭാഗ്യവതിയും അനുഗ്രഹിക്കപ്പെട്ട പുണ്യവതിയുമായിരുന്ന കർത്താവിന്റെ ഒരു ദാസിയായിരുന്നു. അല്ലാതെ ദൈവതുല്യം ആരാധിപ്പാൻ കഴിയുന്നവളല്ല. കാര്യങ്ങളെ കൊട്ടിഘോഷിക്കാതെ വിശ്വസിച്ച് വിനീതയായി എല്ലാം ഉള്ളിൽ സംഗ്രഹിച്ച് ദൈവത്തെ അനുസരിച്ച് അനുഗമിച്ച മാതൃകയായ ഒരു സ്ത്രീരത്നമായിരുന്നു.

സഹോദരിമാരേ, സഹോദരന്മാരേ നമ്മെപ്പറ്റി തലമുറകൾ ഓർക്കുവാൻ തക്ക പ്രത്യേകതകൾ നമ്മിൽ എന്തുണ്ട്? ദൈവത്തിന് ഉള്ളിൽ ജന്മം നല്കാൻ കഴിഞ്ഞിട്ടുണ്ടോ? വിശ്വാസത്താൽ പുതുജനനം പ്രാപിച്ചവരാണ് അനുഗ്രഹിക്കപ്പെട്ടവർ, അവർ രക്ഷിതാവിനെ വിശ്വസിക്കുകയും അനുസരിക്കുക്കുയും അനുഗമിക്കുകയും അനുകരിക്കുകയും ചെയ്യുന്നവരായിരിക്കും. അപ്രകാരമായിത്തീരുവാൻ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ, സ്തോത്രം.

●


## ഓൺലൈൻ ബൈബിൾ സ്റ്റഡി

ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ ലോകത്തിന്റെ ഏതുഭാഗത്തുമുള്ള മലയാളിക്കും ഇന്റർനെറ്റുവഴി സൗജന്യമായി പഠിച്ച് ഡിപ്ലോമാ കരസ്ഥമാക്കുവാൻ സാധിക്കുന്നു. പത്തു യൂണിറ്റുകൾ ഉള്ള ഡിപ്ലോമാ പ്രോഗ്രാം പഠിക്കുന്നതിന് http://www.gncs.org/moodle എന്നു ടൈപ്പു ചെയ്താൽ ഗുഡ്ന്യൂസ് വെബ്സൈറ്റ് താങ്കൾക്കായി തുറക്കപ്പെടും.

# “തത്ക്കാലം പോകാം, അവസരമുള്ളപ്പോൾ നിന്നെ വിളിപ്പിക്കാം” (അപ്പൊ. പ്രവൃ. 24:25)

മേരി അഞ്ചൻ, തുംകൂർ

യെഹൂദ്രവംശജനും, ജന്മനാറോമാപൗരനുമായിരുന്ന ശൗൽ വീടുതോറും ചെന്ന് ക്രിസ്ത്യാനികളെ പിടിച്ചിഴച്ച് തടവിലാക്കുന്നതിൽ അതീവ തത്പര നായിരുന്നു. എന്നാൽ ഒരു നാൾ യേശുകർത്താവിന്റെ ദർശനം അവനു ണ്ടായി. സുവിശേഷത്തിന്റെ സാക്ഷിയാവുകയും, അനേകപീഡകളും, ദേഹോപദ്രവങ്ങളും സഹിച്ച് ഒടുവിലായി രക്തസാക്ഷി മരണം വരിച്ചതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്ത്യാനിയായശേഷം ശൗൽ, പൗലൊസ് എന്ന നാമത്താൽ അറിയപ്പെട്ടിരുന്നു. മുമ്പെ പീഡിപ്പിച്ചവൻ മരണത്തോളം പീഡിക്കപ്പെട്ടവനായിത്തീർന്നു. (Saul, the persecutor became Paul the persecuted) ഇക്കൊന്യയിലും, ലുസ്ത്രയിലും കല്ലേറും ഫിലിപ്പിയയിൽ തടവും, തെസ്സ ലോനിക്യയിലെ വിവിധ രീതികളിൽ ഉപദ്രവങ്ങൾക്കും അധീനനായി. അവ സാനം യെരുശലേമിൽ വച്ച് മഹാപുരോഹിതനും യെഹൂദമത മേധാവി കളും പുരുഷാരവും ചേർന്ന് പൗലൊസിനെ ബന്ധനസ്ഥനാക്കി. കലഹ വും, ആരവാരവും, “ഈ മനുഷ്യൻ ജീവിച്ചിരിക്കുവാൻ യോഗ്യനല്ല, ഇവനെ കൊന്നു കളയുക” എന്ന അട്ടഹാസങ്ങളും അന്തരീക്ഷത്തിൽ മുഖരിതമാ യി. സഹസ്രാധിപനായ ലൂസിയാസ് പടയാളികളോടു കൂടെ വന്ന്, ജനത തിയെ ശാന്തരാക്കുവാനായി, പൗലൊസിനെ ചമ്മട്ടികൊണ്ട് അടിപ്പാൻ ആജ്ഞാപിച്ചു. എന്നാൽ പൗലൊസ് റോമാപൗരനാണെന്നറിഞ്ഞപ്പോൾ ലൂസിയാസ് ഭയപ്പെട്ടു. വിസ്താരം കഴിയാത്ത ഒരു റോമാപൗരനെ കയ്യേറ്റം ചെയ്യുന്നത് ശിക്ഷാർഹമായിരുന്നു. പക്ഷെ, പൗലൊസിനെ കൊല്ലുന്നതു വരെയും ഉപവാസം അനുഷ്ഠിക്കുമെന്ന് നാല്പതോളം ആൾക്കാർ ശപഥം ചെയ്തിരുന്നത് അറിഞ്ഞപ്പോൾ, രാത്രിയിൽ തന്നെ വലിയൊരു സുരക്ഷാസംഘത്തെയും കാലാളെയും , കുതിരച്ചേവകരെയും സംഘടിപ്പിച്ച് പൗലൊസിനെ രഹസ്യമായി ദേശാധിപതിയായ ഫേലിക്സിന്റെയടുക്കൽ, കൈസര്യയിലേക്ക് അയച്ചു. കൂടാതെ, പൗലൊസ് ചങ്ങലയ്ക്കോ, മരണ ത്തിനോ യോഗ്യമായതെന്നും പ്രവർത്തിച്ചിട്ടില്ലെന്നും കാണിച്ച് ലൂസിയാസ് ഫേലിക്സിന് ഒരു കത്തും കൊടുത്തയച്ചു.

**പൗലൊസിന്റെ ഒന്നാമത്തെ പ്രതിവാദം**

അനന്തരം മഹാപുരോഹിതനായ അനന്യാസ് മൂപ്പന്മാരും, പൗലൊസിന് എതിരായി കുറ്റം ചുമത്താനും വാദിക്കാനുമായി തെർത്തുല്ലോസ് എന്ന വാഗ്മിയുമായി ഫേലിക്സിന്റെ മുമ്പാകെ വന്നു. അവന്റെ കുറ്റാരോപണ ങ്ങൾക്കുശേഷം, ഫേലിക്സിന്റെ അനുമതിയോടെ പൗലൊസ് പ്രതിവാദം ചെയ്യുന്നു. “മരിച്ചവരുടെ പ്രത്യാശയെയും പുനരുത്ഥാനത്തെയും കുറി ച്ചാണ് താൻ ബന്ധനസ്ഥനായിരിക്കുന്നതെന്നും, പ്രത്യുത മതത്തിനോ രാജ്യ

ത്തിനോ എതിരായി താൻ യാതൊന്നും ചെയ്തിട്ടില്ലെന്നും പൗലൊസ് തന്റെ നിരപരാധിത്വം വെളിപ്പെടുത്തിയെങ്കിലും ഫേലിക്സ് ഒരു തീരുമാനവും ചെയ്തില്ല. അയാൾ അനേക വർഷക്കാലം പലസ്തീൻ നാട്ടിലെ ദേശാധി പതിയായിരുന്നതിനാൽ യേശുവിനെക്കുറിച്ചും ക്രിസ്ത്യാനികളെക്കുറിച്ചും ഏറെക്കുറെ ഗ്രഹിച്ചിരുന്നു. എന്നാൽ യെഹൂദന്മാരെ പ്രസാദിപ്പിക്കാനായി പൗലൊസിനെ വീണ്ടും തടവിലേക്ക് മടക്കി അയക്കുകയാണ് ചെയ്തത് (വാക്യം 22-23).

**ഫേലിക്സിന്റെ മുമ്പാകെ പൗലൊസിന്റെ രണ്ടാം സംവാദം**

കുറേനാൾ കഴിഞ്ഞ് (വാക്യം 24) - സമയം രേഖപ്പെടുത്തിയിട്ടില്ല. പൗ ലൊസിന്റെ വിശ്വാസത്തെ സംബന്ധിച്ച് കൂടുതലായി അറിയേണ്ടതിന് ഫേലിക്സ് അവനെ വീണ്ടും തന്റെ മുമ്പാകെ വരുത്തി. ഇത്തവണ യെഹൂദ സ്ത്രീയായ ദ്രുസില്ല എന്ന ഭാര്യാസമേതനായിട്ടാണ് ഫേലിക്സ് ആഗതനാ യത്. ദ്രൂസില്ലാ യെഹൂദവംശജനായ ഹേരോദ് അഗ്രിപ്പായുടെ മകളും അഗ്രിപ്പാരണ്ടാമന്റെയും, ബെർന്നിക്കായുടെയും സഹോദരിയുമായിരുന്നു. ഫേലിക്സ് ദ്രുസില്ലായെയും അഗ്രിപ്പാ സ്വസഹോദരിയായ ബെർന്നിക്കയെ യും ഭർത്താക്കന്മാരിൽ നിന്ന് അപഹരിച്ച് ഭാര്യമാരാക്കിയിരുന്നു. ഈ അസാ ന്മാർഗ്ഗികളും, കൊലപാതകവംശജരുമായ ഉദ്യോഗസ്ഥരുടെ മുമ്പാകെ തന്റെ നിരപരാധിത്വത്തിന് വാദം ചെയ്യാൻ പൗലൊസ് തുനിയാതെ റോമാ സാമ്രാ ജ്യത്തിന്റെ അധിപനായിരുന്ന കൈസറെ അഭയം ചൊല്ലുകയാണ് ചെയ്ത ത്.

യേശുക്കുഞ്ഞിനെ കൊല്ലാൻ സാധിക്കാഞ്ഞതിനാൽ ബേത്‌ലെഹേമിൽ ശിശുസംഹരം നടത്തിയ മഹാനായ ഹേരോദ് (Herod the Great) രാജാവിന്റെ മകനായ ഹേരോദ് അന്തിപ്പാസ് (മർക്കോസ്.അ.6; മത്തായി അ.14) യോഹ ന്നാൻ സ്നാപകനെ ശിരഃഛേദം ചെയ്യിച്ചു. ഹേരോദ്, യാക്കോബിനെ കൊന്ന അഗ്രിപ്പാ ഒന്നാമന്റെ പിതാമഹനും (അപ്പൊ. അ.12) പൗലൊസിനെ വിധി പ്പാൻ വന്ന അഗ്രിപ്പാരണ്ടാമന്റെ (അപ്പൊ.അ.25)പിതാമഹനും ആയിരുന്നു.

പൗലൊസ് കൈസറിനെ അഭയം ചൊല്ലിയിരുന്നെങ്കിലും, തനിക്കു ലഭിച്ച വിലയേറിയ സന്ദർഭം കർത്താവായ യേശുക്രിസ്തുവിന്റെ സുവി ശേഷവും, തന്റെ സാക്ഷ്യവും ഫേലിക്സ്, അഗ്രിപ്പാവ് എന്നിവരെ ആഹ്വാനം ചെയ്‌വാൻ ഉപയോഗിച്ചു. “അവൻ എന്റെ നാമം ജാതികൾക്കും, രാജാക്ക ന്മാർക്കും, യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെ ടുത്തിരിക്കുന്നോരു പാത്രം ആകുന്നു” എന്ന കർത്താവിന്റെ വചനം നിവൃ ത്തിയായി. (അപ്പൊ. പ്ര. 9:15).

നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി എന്നീ വിഷയങ്ങളെ ആസ്പദമാക്കി പൗലൊസ് ചെയ്ത പ്രസംഗം കേട്ടപ്പോൾ ഫേലിക്സ് ഭയ പരവശനായി എന്നു നാം കാണുന്നു. ദൈവാത്മാവ് അവനിൽ പാപത്തെ ക്കുറിച്ചുള്ള ബോധമുളവാക്കി എങ്കിലും കൂടുതലായി എന്തെങ്കിലും കേൾക്കു ന്നതിനോ, പൗലൊസിന്റെ മുമ്പിൽ ഇരിക്കുന്നതിനോ അവൻ കൂട്ടാക്കിയി

ല്ല. “തത്ക്കാലം പോകാം, അവസരമുള്ളപ്പോൾ നിന്നെ വിളിപ്പിക്കാം” എന്നു പറഞ്ഞ് സ്ഥലം വിട്ടു. ഫേലിക്സ് ഈ വിഷയത്തെക്കുറിച്ച് ഇനി ഒരിക്കലും കേൾക്കുവാൻ ആഗ്രഹിച്ചില്ല. തന്റെ പാപഭോഗാസക്തമായ ജീവിതരീതി ഉപേക്ഷിക്കാൻ തയ്യാറായിരുന്നില്ല. കാരണം, പൗലൊസിനെ പല തവണ തന്റെ മുമ്പാകെ വരുത്തിയെങ്കിലും അതുവേറെ ഉദ്ദേശ്യനിവൃത്തിക്കായിരുന്നു. “പൗലൊസ് തനിക്ക് ദ്രവ്യം തരും എന്ന് ആശിച്ച് പലപ്പോഴും അവനെ വരുത്തി അവനോടു സംഭാഷിച്ചു പോന്നു. (വാ. 26). സംഭാഷണവിഷയം തന്റെ ആത്മാവിനെക്കുറിച്ചല്ലായിരുന്നു. പൗലൊസിൽ നിന്നും കൈക്കൂലി വാങ്ങി തടവിൽ നിന്നും വിടുതൽ നല്കാനായിരുന്നു അയാളുടെ ഉദ്ദേശ്യം. ഫേലിക്സിന്റെ തീരുമാനവും അന്ത്യവും എത്രയോ ശോചനീയം! വിട്ടുപിരിയാൻ പാടില്ലാത്ത പാപങ്ങൾക്ക് അയാൾ അടിമയായിരുന്നു. ഇതു വായിക്കുന്ന ആരെങ്കിലും സുവിശേഷം കേട്ട് പാപബോധമുള്ളവരായി യാതൊരു തീരുമാനവും ചെയ്യാതെ “തത്ക്കാലം വേണ്ട പിന്നീട് ആലോചിക്കാം” എന്ന നിഗമനത്തിലെത്തിയാൽ ഇനി ഒരു സന്ദർഭം ലഭിച്ചെന്നു വരികയില്ല. കൂടാതെ ‘മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല’ എന്ന് യഹോവ അരുളിച്ചെയ്തിരിക്കുന്നു (ഉത്പ.6:3).

മറ്റു ചിലർ വിട്ടുപിരിയാൻ പാടില്ലാത്ത ധനമോഹത്തിന് അടിമകളാകയാൽ കർത്താവിനെ സ്വീകരിക്കുന്നില്ല. യുവാവായ ഒരു പരീശപ്രമാണി അതീവ തീക്ഷ്ണതയോട് ഓടി വന്ന് കർത്താവിന്റെ മുമ്പിൽ മുട്ടു കുത്തി നിത്യജീവനെ അവകാശമാക്കുവാനുള്ള മാർഗ്ഗം ആരാഞ്ഞു (മർക്കൊ. 10:17-22). അവൻ തന്റെ സ്വത്തിന്റെ അടിമയായിരുന്നതിനാൽ യാതൊരു തീരുമാനവുമെടുക്കാതെ വിഷാദിച്ച് ദുഃഖിതനായി മടങ്ങിപ്പോയി. കർത്താവിന്റെ അടുക്കൽ വന്നിട്ട് അനുഗ്രഹം പ്രാപിക്കാതെ ദുഃഖിതനായി മടങ്ങിപ്പോയ ആ യുവാവ് തന്റെ സൽപ്രവൃത്തികളിൽ മാത്രം തൃപ്തനായിരുന്നു. എത്രയോ ശോചനീയം!

അമേരിക്കയുടെ 16-മത്തെ പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൺ രാജ്യത്തിന്റെ കെട്ടുപണിയുടെ ശില്പിയും റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രഥമ പ്രസിഡന്റുമായിരുന്നു. അമേരിക്കൻ ആഭ്യന്തരയുദ്ധം (Civil War) ബുദ്ധിപൂർവ്വം കൈകാര്യം ചെയ്തു. അടിമവ്യാപാരം നിർത്തലാക്കി. അദ്ദേഹത്തിന്റെ സ്മരണാർത്ഥം നിർമ്മിച്ചിട്ടുള്ള മാർബിൾ കെട്ടിടം, അതിബൃഹത്തായ പ്രതിമ, ലിങ്കൺ യൂണിവേഴ്സിറ്റി തുടങ്ങി അനേകം സ്മാരകങ്ങൾ മൂലം അമേരിക്കയുടെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ പേര് സുവർണ്ണലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

എന്നാൽ എബ്രഹാം ലിങ്കൺ ഒരു പള്ളിഭക്തനായിരുന്നു. ക്രമമായി ആരാധനയിൽ പങ്കുകൊള്ളുകയും, പള്ളിയുടെ സാമ്പത്തികാവശ്യങ്ങളിൽ നിർലോഭം സഹകരിക്കുകയും ചെയ്തെങ്കിലും, ഒരു പക്ഷേ തന്റെ സ്ഥാനമാനങ്ങളാൽ ബന്ധിതനായിട്ടായിരിക്കാം പരസ്യമായി കർത്താവിനെ സാക്ഷിച്ചിരുന്നില്ല. കുറേ നാളുകൾക്കു മുമ്പേ വാഷിംഗ്ടൺ പ്രസ്ബിറ്റേറിയൻ ചർച്ചിലെ പഴയ രേഖകളിലൊന്നിൽ 1865 ഏപ്രിൽ 13-ാം തീയതി

ലിങ്കൺ എഴുതിയ സ്വന്തം കൈയൊപ്പു വച്ചിരുന്ന ഒരെഴുത്തു ലഭിക്കാനിടയായി. അതിൽ, തനിക്കു പാപബോധമുണ്ടായതായും ചിലനാളുകളായി തന്റെ ആത്മാവിനെക്കുറിച്ചുള്ള ഭാരത്താൽ താൻ ഞെരുങ്ങുന്നു എന്നും ഏപ്രിൽ 18-ാം തീയതി ഞായറാഴ്ച പരസ്യമായി കർത്താവിനെ സാക്ഷിക്കുവാൻ ആഗ്രഹിക്കുന്നു എന്നും എഴുതിയിരുന്നു. ഏപ്രിൽ 14-ാം തീയതി രാത്രി 10 മണിക്ക് ഒരു ചലച്ചിത്രതാരമായിരുന്ന ജോൺ വിൽക്സ് ബൂത്ത് (John Wilkes Booth) എന്ന ആളിന്റെ വെടിയുണ്ടയ്ക്ക് ഇരയായി എബ്രഹാം ലിങ്കൺ കൊല്ലപ്പെട്ടു. പരസ്യമായി സാക്ഷിക്കാൻ സാധിച്ചില്ലെങ്കിലും താൻ ഒരു തീരുമാനത്തിലെത്തിയിരുന്നോ എന്നതു നിത്യതയിൽ മാത്രം വെളിപ്പെടും. എത്രയോ സന്ദർഭങ്ങൾ "പിന്നീടാകാം" എന്നു മാറ്റി വച്ചിരിക്കും!

"Donot expect to repent at the Eleventh hour. You may die at Ten thirty"

സമയം തക്കത്തിൽ ഉപയോഗിച്ചിട്ടുള്ള നിരവധി ആളുകൾ നിത്യരാജ്യത്തിന് അവകാശികളായിത്തീർന്നിട്ടുണ്ട്. 2001 സെപ്റ്റംബർ 9-ാം തീയതി സിയാറ്റിലിലെ സഭയിൽ വചനശുശ്രൂഷ നടത്തി, 10-നു ഡെൻവറിലെ സ്വഭവനത്തിലേക്ക് അമേരിക്കൻ എയർലൈൻസ് വിമാനത്തിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ബിൽ ഫെയ് (Bill Faye) എന്ന സുവിശേഷകൻ വിമാനത്തിലെ ഒരു ജോലിക്കാരിക്ക് (Air-hostess) ഒരു ലഘുലേഖ നല്കുകയുണ്ടായി. അവൾ അദ്ദേഹത്തോട്: "ഇത് ആറാമത്തെ ലഘുലേഖയാണ് എനിക്കു കിട്ടിയിട്ടുള്ളത്. ഞാൻ എന്താണ് ചെയ്യേണ്ടത്" എന്നു ചോദിച്ചു. അദ്ദേഹം സുവിശേഷസത്യം വിശദമായി അവളെ ഗ്രഹിപ്പിച്ചു; വിമാനം ഡെൻവറിലെത്തുന്നതിനു മുമ്പ് അവൾ കർത്താവിനെ സ്വന്ത രക്ഷകനായി അംഗീകരിച്ചു; അവരിരുവരും ഒന്നിച്ച് സ്തോത്രം ചെയ്ത് പ്രാർത്ഥിച്ചു പിരിഞ്ഞു.

സെപ്റ്റംബർ 11 ന് ഉണ്ടായ ഭീകരവും ലോകത്തെ ഞെട്ടിപ്പിക്കുകയും സംഭീതമാക്കുകയും ചെയ്ത ആ വാർത്ത കേട്ടപ്പോൾ ബിൽ ഫേയ് വിറച്ചുപോയി. അതേ, കൊല്ലപ്പെട്ടവരുടെ ലിസ്റ്റിൽ ആ യുവതിയുടെ പേരും ഉണ്ടായിരുന്നു! തലേനാൾ കർത്താവിനെ സ്വന്ത രക്ഷകനായി സ്വീകരിച്ച അവൾ പിറ്റേന്നാൾ കർതൃസന്നിധിയണയുമെന്ന് ആരു കണ്ടു? ബിൽ ഫേയ് തനിക്കു ലഭിച്ച സമയം തക്കത്തിൽ ഉപയോഗിച്ചു. "തത്ക്കാലം വേണ്ട പിന്നീടാകട്ടെ" എന്നു പറയാതെ തീരുമാനത്തിലെത്തിയ ആ യുവതിയുടെ സുന്ദരമായ ശരീരം 24 മണിക്കൂറുകൾക്കകം അഗ്നിക്കിരയായെങ്കിലും അമർത്യമായ ഒരു ശരീരത്തിന് അവൾ അവകാശിയായിത്തീർന്നു.

കർത്താവിനെ സ്വന്ത രക്ഷകനായി ഇതുവരെയും അംഗീകരിച്ചിട്ടില്ലാത്ത ആരെങ്കിലും ഈ ലേഖനം വായിക്കുന്നെങ്കിൽ അടുത്ത നിമിഷം നമ്മുടേതല്ല ഈ നിമിഷം മാത്രമാണ് നമുക്കുള്ളത് എന്ന ബോധ്യത്തോടെ കർത്താവിനെ സ്വന്തരക്ഷകനായി സ്വീകരിച്ച് നിത്യജീവന് അവകാശികളാകുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

●

# തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം–ശുശ്രൂഷകൾ

## തോമസ് മത്തായി, ആനിക്കാട്

ഉന്നതങ്ങളിൽ രൂപം കൊണ്ട ദൈവിക ആലോചനയുടെയും ജ്ഞാനത്തിന്റെയും പൊരുൾ ആണ്, പെന്തക്കോസ്ത് നാളിൽ ഭൂമിയിൽ സംജാതമായ ദൈവസഭ. ഈ സഭയുടെ ഉടമസ്ഥാവകാശം, അംഗത്വം, നേതൃത്വം, ശുശ്രൂഷകൾ, ദൗത്യം, സഭയുടെ ഭാവി... മുതലായ എല്ലാ കാര്യങ്ങളും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെ എന്നും നടത്തേണ്ടത് എന്തെല്ലാം എന്നും അറിയുവാൻ നാം തിരുവെഴുത്തുകൾ പരിശോധിച്ച്, പർവ്വതത്തിൽ കാണിച്ചുതന്ന മാതൃക പ്രകാരം തന്നെ ആവോളം പണിയുവാൻ ശാഠ്യം ഉള്ളവരാണ്. രക്ഷിക്കപ്പെട്ട ദൈവമക്കൾ എല്ലാവരും അപ്രകാരം തന്നെ ആയിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു 1തിമോ. 2:4. സത്യത്തിന്റെ പരിജ്ഞാനത്തിൽ എല്ലാവരും എത്തണം.

ആത്മീയഗോളത്തിലും, വ്യക്തിപരമായ ജീവിതത്തിലും, കൂട്ട് അഥവാ മായം ചേർക്കുന്നവർ കണ്ടേക്കാം. എന്നാൽ വചനത്തിൽ കൂട്ട്, മായം ഇവ ചേർക്കാത്തവർ ആരെങ്കിലും ഉണ്ടോ എന്ന് ചോദിച്ചാൽ മിക്കവാറും ഉത്തരം ബ്രദറൺകാർ എന്ന് തന്നെ. അല്പമെ ശക്തിയുള്ളൂ എങ്കിലും വചനം കാക്കുന്നവർ. ശക്തിയും എണ്ണവും വർദ്ധിപ്പിക്കുവാനായി വചനപരിധിക്കപ്പുറം പോകുവാൻ ആഗ്രഹിക്കാത്തവർ. ആദിയിൽ എങ്ങനെ ആയിരുന്നു എന്നാണ് ഏത് വിഷയത്തിലും ബ്രദറൺകാർ പരിശോധിക്കുന്നത്. സ്ഥലം സഭകളിൽ, സ്ത്രീകളുടെ സ്ഥാനവും ശുശ്രൂഷകളും എന്നുള്ളത് ഇന്നും അനേകർക്കും ചിന്താകുഴപ്പം സൃഷ്ടിക്കുന്ന വിഷയമാണ്. സഭാകൂടിവരവുകളിൽ സ്ത്രീകൾക്ക് ഏതെല്ലാം ശുശ്രൂഷകൾ ചെയ്യാം? എപ്പോഴെല്ലാം ചെയ്യാം? മാത്രമല്ല, ഏതെല്ലാം കൂടിവരവുകളിൽ.... എത്ര പേർക്ക്... ഇപ്രകാരം പല സംശയങ്ങളും ഉണ്ടാകുവാൻ സാധ്യതയുള്ളതിനാൽ അവയുടെ നിവാരണം വചനത്തിൽ കൂടെ കണ്ടെത്തുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

പ്രസ്തുത വിഷയത്തിൽ ദൈവജനത്തിന്റെ മധ്യേ പൊതുവേ സ്വീകാര്യമായി കണ്ടുവരുന്നതോ, ന്യായമായി ചോദ്യം ചെയ്യാതെ അംഗീകരിച്ചു വരുന്നതോ, കൂടുതൽ മെച്ചമായതോ, പ്രോത്സാഹനത്തിനുവേണ്ടിയുള്ളതോ ആയ കാര്യങ്ങളല്ല ഇതിൽ ചിന്തിക്കുന്നത്. പ്രത്യുത, 'തിരുവെഴുത്ത് എന്തു പറയുന്നു? എന്നാണ് റോമ. 4:3, ഗലാ.4:30. ദൈവം ഈ വിഷയത്തിൽ ഏർപ്പെടുത്തിയ നിബന്ധന എന്ത് എന്നതാണ് അന്ത്യതീർപ്പ്. ഏതു വിഷയത്തിലും, ദൈവം വചനത്തിൽ കൂടി നല്കിയ "കുത്തിക്കെട്ട്" മനുഷ്യർ അഴിക്കു

കയോ അയയ്ക്കുകയോ ചെയ്യുന്നത്, തന്റെ ദിവ്യപദ്ധതിയെ അവഹേളിക്കുന്നതിനും, അവഗണിക്കുന്നതിനും അതിലുപരി സർവ്വജ്ഞാനിയായ ദൈവത്തെ അറിവില്ലാത്തവനാക്കുന്നതിനും തുല്യമായിരിക്കും.

സ്ത്രീകളുടെ പങ്കാളിത്തം വിവിധ മേഖലകളിൽ ബൈബിളിൽ കാണുന്നുണ്ട്. സൃഷ്ടിപ്പിൽ, മനുഷ്യവർഗം വീണു പോയതിൽ, ന്യായപ്രമാണയുഗത്തിൽ, കൃപായുഗത്തിൽ... ഇവിടെ എല്ലാം സ്ത്രീകളുടെ സ്ഥാനം, ശുശ്രൂഷകൾ എവിടെവരെ, എന്തൊക്കെ എന്ന് ചിന്തിക്കുമ്പോൾ, ദൈവിക പദ്ധതിയുടെ പൂർണ്ണരൂപം നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നു. ഇവ ഓരോന്നായി നമുക്ക് ചിന്തിക്കാം.

## 1. സൃഷ്ടിയിൽ സ്ത്രീ

ഉത്പ. 2-ാം അദ്ധ്യായത്തിൽ, ദൈവം മനുഷ്യനെ പൊടിയിൽ നിന്നും നിർമ്മിച്ചിട്ട് തുടർന്ന് താൻ ഉണ്ടാക്കിയ തോട്ടത്തിൽ അവനെ ആക്കുകയും ചെയ്തു എന്ന് വായിക്കുന്നു. ആ തോട്ടത്തിന്റെ മഹത്ത്വം ദൈവം അവനെ കാണിക്കുന്നു. അവിടെ വസിക്കുമ്പോൾ ഓർത്തിരിക്കേണ്ടതും അനുസരിക്കേണ്ടതുമായ കാര്യങ്ങളെ യഹോവയായ ദൈവം മനുഷ്യനോട് പറയുന്നു. ഉത്പ 2:15,16,17.

അനന്തരം, മനുഷ്യന്റെ വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. ഈ രണ്ടു പേരുടെ നിർമ്മിതികൾ തമ്മിലുള്ള സമയദൈർഘ്യം നാം അറിയുന്നില്ല. “ആദാം ആദ്യം നിർമ്മിക്കപ്പെട്ടു പിന്നെ ഹവ്വ.” 1 തിമോ.2:13.

ഇത്രയും കാര്യങ്ങളുടെ പുതിയ നിയമസഭയ്ക്കുള്ള വെളിപ്പാടും, വിശദീകരണവുമാണ് 1 കൊരി.11:8-12 വരെ നാം വായിക്കുന്നത്. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രെ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല, സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത്. വാരിയെല്ലിൽ നിന്നും എടുത്ത സ്ത്രീക്ക് പുരുഷനോടൊപ്പം ദൈവം സമത്വം നല്കി. പുരുഷനു വേണ്ടി, അവനോട് ചേർന്നിരിക്കുവാൻ - അകന്നല്ല- ദൈവം അനുവാദം നല്കി. എന്നാൽ വൈവിധ്യമുള്ളതായ ചേർച്ചയാണ് (There is equality, but with it diversity).

ആകയാൽ, പുരുഷനെ കൂടാതെ സ്ത്രീ സ്വതന്ത്രമായി ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അവൾ പുരുഷനോട് ചേർന്നിരിക്കുന്നതും, ഇരുവരും ഏകശരീരം എന്ന മർമ്മവും, ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. അതിനാൽ, സൃഷ്ടിച്ചപ്പോൾ ദൈവം സ്ത്രീയെ എന്തു ഉദ്ദേശ്യത്തിനായി സൃഷ്ടിച്ചു എന്നും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഏതൊക്കെ എന്ന് മനസ്സിലാക്കുകയും ആ ദൈവോദ്ദേശ്യം യഥാർത്ഥമായി ഗ്രഹിച്ച് തങ്ങളെ ആക്കിയിരിക്കുന്ന സ്ഥാനത്ത് വിശ്വസ്തതയോടെ നിന്ന് പ്രവർത്തിക്കുകയും ചെയ്യുന്നതാണ് ദൈവത്തോടുള്ള ഭക്തി. അതിലുപരിയായ സ്ഥാനവും, ശുശ്രൂഷകളും മോഹിക്കുന്നത് ദിവ്യമായ ഇച്ഛയ്ക്കും ക്രമീകരണത്തിനും വിരുദ്ധമായിരിക്കും. (Divine will and order).

പുരുഷനിൽ നിന്നും സ്ത്രീയെ സൃഷ്ടിച്ചതിനാൽ പുരുഷനെ അവളുടെ തലയാക്കുകയും ചെയ്തു. അതിനാൽ പുരുഷന്റെ നായകത്വത്തിന് (Headship) വിധേയപ്പെട്ടിരിക്കുന്നു എന്നതിന്റെ അടയാളമായും, സൃഷ്ടിയിലും, സഭയിലും ഉള്ളതായ ദൈവിക ക്രമം ദൂതന്മാർ ശ്രദ്ധിക്കുന്നതിനാലും സ്ത്രീ മൂടുപടം ധരിക്കേണം. “അതുകൊണ്ട് സ്ത്രീക്ക് ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കണം ” 1 കൊരി.11:10. (Symbol of authority on her head) “സ്ത്രീ പുരുഷന്റെ തേജസ്സ് ആകുന്നു.” ദൈവസഭയിൽ ദൈവതേജസ്സ് മാത്രമേ ദൃശ്യമാകുവാൻ പാടുള്ളൂ എന്ന് സാരം. പുരുഷൻ ദൈവത്തിന്റെ തേജസ്സ് ആകയാൽ മൂടുപടം ധരിക്കുവാൻ പാടില്ലാത്തതും ആകുന്നു. പുരുഷൻ ദൈവിക ശുശ്രൂഷ ചെയ്യുമ്പോൾ തല മൂടുന്നത്, തന്റെ തലയാകുന്ന ക്രിസ്തുവിനെ അപമാനിക്കുന്നു. ക്രൈസ്തവ ലോകം ഈ പ്രമാണം ലംഘിക്കുന്നത് എത്രയോ ലാഘവത്തോടെയാണ്. “ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും” മത്താ.5:19.

ചിലരെങ്കിലും ചിന്തിക്കാറുണ്ട്- സ്ത്രീ മൂടുപടം ധരിക്കണം എങ്കിൽ ഏദൻ തോട്ടത്തിൽ വച്ച് ദൈവം നേരിട്ട് അരുളി ചെയ്യാമായിരുന്നില്ലേ എന്ന്. പൗലോസിന് എന്തിന് ഇത്ര നിർബന്ധം? ഏദനിൽ വച്ച് മൂടുപടം ധരിക്കണം എന്ന നിബന്ധന ഇല്ലായിരുന്നു. അപ്പോൾ തന്നെ സൃഷ്ടിയിൽ ദൈവം അവൾക്ക് മൂടുപടം നല്കിയിരുന്നു. സ്ത്രീയുടെ മാനം (Glory) ആകുന്നു നീണ്ട മുടി 1 കൊരി.11:15. ഇപ്രകാരം പൂർണ്ണ സ്വാതന്ത്ര്യത്തിലും സന്തോഷത്തിലും ജീവിക്കുന്ന മാനമുള്ള സ്ത്രീ ദൈവകല്പനയ്ക്ക് പൂർണ്ണമായി വിധേയപ്പെടുവാൻ കഴിയാതെ പോയി. ഏദൻ തോട്ടത്തിലും ലോകതോട്ടത്തിലും പ്രകൃതിദത്തമായ മൂടുപടം ദൈവം തന്റെ ഇഷ്ടപ്രകാരം നല്കി എങ്കിൽ ദൈവസഭയാകുന്ന കെട്ടി അടച്ച തോട്ടത്തിൽ സ്ത്രീ സ്വന്ത ഇഷ്ട പ്രകാരം മൂടുപടം ധരിച്ച് പൂർണ്ണമായി വിധേയപ്പെടണം എന്നത്രെ ദൈവാത്മാവ് നല്കുന്ന നിർദ്ദേശം. സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ചുകളയട്ടെ” 1 കൊരി.11:6.

മൂടുപടത്തിന് പകരമായി നീളമുള്ള മുടി നല്കിയിരിക്കുന്നു എന്ന് ദൈവസഭയിൽ കരുതുവാൻ പാടില്ല എന്ന് സാരം.

എത്രമാത്രം മുടി നീട്ടണം എന്നുള്ളതിന് വ്യക്തമായ അളവ് നാം വായിക്കുന്നില്ല. ലോകത്തോട് അനുരൂപമാകാത്ത നിലവാരത്തിൽ അത് ആയിരിക്കണം. സ്വാഭാവികമായി നീണ്ടമുടി ലഭിക്കുന്നില്ല എങ്കിൽ... “മനസ്സൊരുക്കം ഉണ്ടെങ്കിൽ... പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ ദൈവപ്രസാദം ലഭിക്കും (2 കൊരി. 8:12) എന്നത് പ്രമാണം. കർത്താവിന്റെ കാല്പാദങ്ങൾ കണ്ണുനീര് കൊണ്ട് കഴുകി, തലമുടി കൊണ്ട് തുടയ്ക്കുവാൻ തക്കവണ്ണം നീളമുള്ളതായിരിക്കട്ടെ, ദൈവഭക്തയായ സ്ത്രീകളുടെ മുടി....! ലൂക്കോ.7:38,

യോഹ.12:3. അവളുടെ മഹത്ത്വം എല്ലാം കർത്താവിന്റെ കാല്ക്കൽ സമർപ്പിച്ചു. വ്യക്തമായ അളവ്കോൽ ഇത് മാത്രം.

ഏദനിൽ നിന്നും പുറത്താക്കപ്പെട്ട ആദാം- ഹവ്വ കുടുംബം പുതിയ നിയമരീതിയിൽ ഒരു സഭായോഗം കൂടി എന്ന് കരുതുക. ലജ്ജാശീലയായി, വിഷാദത്തോടെ, കുറ്റബോധത്തോടെ ഇരിക്കുന്ന ഹവ്വയെ നമുക്ക് കാണുവാൻ കഴിയും. ആദാമിനെ കൂടാതെ "നേതാവ് ചമഞ്ഞ" സ്ത്രീയെ, തുടർന്ന് ഏതെങ്കിലും നേതൃത്വ ചുമതലയോ, ശുശ്രൂഷയോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം ആദാം അനുവദിക്കുമായിരുന്നുവോ? ഇല്ല....." "എന്നെ കൂടാതെ, എന്നോട് ആലോചന കഴിക്കാതെ, പോയതിന്റെ പരിണത ഫലമല്ലെ അനുഭവിച്ചത്. ആകയാൽ ഇനിയും ഞാൻ പറയുന്നതിന് കീഴ്പ്പെട്ടിരുന്നാൽ മതി. ഞാൻ കാര്യങ്ങൾ നോക്കിക്കൊള്ളാം. തുടർന്നും വൈഷമ്യങ്ങൾ ഉണ്ടാകരുതല്ലോ" എന്ന് ആദാം തീർച്ചയായും പറയും. അപകർഷതാബോധത്തിൽ നിന്നും ഉളവാകുന്ന വികാരമല്ല വിധേയത്വം. ആത്മാർത്ഥതയിൽ നിന്നും സമർപ്പണത്തിൽ നിന്നും ഉടലെടുക്കുന്ന പ്രകാശമാണ്, പ്രദർശനമാണ്.

ദൈവം തന്റെ ദിവ്യജ്ഞാനത്തിൽ സ്ത്രീക്കും പുരുഷനും തമ്മിൽ ശാരീരികവും, മാനസികവും, വൈകാരികവുമായ വ്യത്യാസങ്ങൾ വരുത്തിയിരിക്കയാണ്. സൃഷ്ടിയിൽ ദൈവദത്തമായി സ്ത്രീക്കും പുരുഷനും ലഭിച്ചതായ പദവിക്കും ഉത്തരവാദിത്വങ്ങൾക്കും വിരുദ്ധമായി ദൈവത്തിന്റെ തോട്ടമാകുന്ന സഭയിലും ദൈവം പ്രവർത്തിക്കുകയില്ല, അനുവദിക്കുകയുമില്ല. സൃഷ്ടിയിൽ ദൈവം വച്ചതായ ക്രമീകരണം, പങ്കാളിത്തം, സ്ഥാനം ആദിയായവ പ്രകൃതിയിൽ കൂടി വെളിപ്പെടുകയും ചെയ്യുന്നു.

സമയം അറിയുവാൻ വാച്ച് നോക്കുന്നു. സൂര്യനേയും... തീയതി അറിയുവാൻ കലണ്ടർ നോക്കുന്നു... ദൈവിക പ്രമാണങ്ങളും വ്യവസ്ഥകളും അറിയുവാൻ തിരുവെഴുത്തുകൾ മാത്രം ആധാരം!

"ഹാ! ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമെ അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു."

നിൻ മുഖത്തുനിന്നും തൂകും നൽമധൂപരത്തിലംബെ!
മുങ്ങിലയിക്കുന്നു ദിവ്യജ്ഞാനികൾ - നിന്റെ
നൻമൊഴിക്കരികണയുവതിനൊരുനവ്യമായ സയൻസുമില്ലതു
സമ്മതിക്കുന്നജ്ഞരല്ലാപ്രാണികൾ- തെല്ലു
മുൺമയറിയുന്നതില്ലെ മാനികൾ (KVS)

●

# ധാരാളം ക്ഷമിക്കുന്ന നമ്മുടെ ദൈവം

എൽസി ബേബി, ന്യൂ യോർക്ക്

അന്യോന്യം സ്നേഹിക്കുക, ക്ഷമിക്കുക എന്നൊക്കെ ദൈവം തന്റെ മക്കളോട് ആവർത്തിച്ചാവർത്തിച്ചു അരുളിച്ചെയ്തിട്ടുള്ള കല്പനയാണല്ലൊ. ദൈവം തന്റെ ജനത്തോട്, തന്നെവിട്ട് അകന്നു പോയി അന്യദേവന്മാരിലാശ്രയിച്ച് ദൈവകല്പനകളൊക്കെ ലംഘിച്ച്, പാപം ചെയ്ത് ദൈവത്തെ ദുഃഖിപ്പിച്ച തന്റെ ജനത്തോട്, "നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞി പോലെ ആയിത്തീരും. നിങ്ങൾ മനസ്സുവച്ച് കേട്ട് അനുസരിക്കുന്നുവെങ്കിൽ! എത്ര നല്ല ആഹ്വാനം! വേറൊരു ഭാഗത്ത് "യഹോവയെ കണ്ടെത്താകുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ. ദുഷ്ടൻ തന്റെ വഴിയേയും, നീതികെട്ടവൻ തന്റെ വിചാരങ്ങളേയും ഉപേക്ഷിച്ച് യഹോവയിങ്കലേക്കു തിരിയട്ടെ. അവൻ അവനോടു കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും" (യെശ.1:18, 55:7). ധാരാളം ക്ഷമിക്കുന്ന ദൈവം! കാല്വറി ക്രൂശിൽ കൈവിരിച്ചു കിടന്നു കൊണ്ട് പാപികളായ നരവർഗ്ഗത്തെ മാടിവിളിച്ചുകൊണ്ട് "വരുവിൻ ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ഞാൻ നിങ്ങളുടെ പാപങ്ങളെ ക്ഷമിച്ചു പോക്കി രക്ഷിക്കാം" എന്ന് വിളിച്ചു പറയുന്ന ദൈവപുത്രന്റെ അടുക്കലേക്കോടി വരുന്ന ഏത് അധമപാപിയേയും സ്നേഹിച്ച്, ക്ഷമിച്ച് മാറോടണയ്ക്കുന്ന ഇത്ര നല്ല പിതാവിനെ എവിടെ കാണാം? ഇന്ന് അനേകം പാപികൾക്കു വിശ്വസിക്കാൻ സാധിക്കാത്ത ഒരാഹ്വാനമാണല്ലോ ക്രിസ്തുവിന്റെ സുവിശേഷം! ഒരിക്കൽ ഒരു കുരുത്തംകെട്ട മകനുണ്ടായിരുന്നു. അനുസരണം കെട്ട പുത്രൻ! പിതാവിനെ അനുസരിക്കാതെ വീടുവിട്ടിറങ്ങി ന്യൂയോർക്കിലേക്കു പോയ ഒരു മകന്റെ കഥ! അവിടെ അവൻ ഒരു കെട്ടപാപിയായി ജീവിച്ചു. ചെയ്തു കൂട്ടാവുന്ന അകൃത്യങ്ങളൊക്കെ ചെയ്തു ജീവിച്ച് ഒടുവിൽ ജയിലിലടയ്ക്കപ്പെട്ടു. നാലു വർഷത്തെ ജയിൽവാസം കഴിഞ്ഞപ്പോൾ അവനെ പരോളിൽ പുറത്തിറക്കി. എങ്ങോട്ടു പോകണമെന്നറിയാതെ വിഷമിച്ച്, ക്ഷമിക്കാൻ പറ്റാത്ത പാപങ്ങളല്ലേ ചെയ്തു കൂട്ടിയത്? വീട്ടിൽ ചെന്നാൽ അപ്പൻ വീട്ടിൽ കേറ്റുകയില്ല. അതെങ്ങനെ സഹിക്കും? എന്നിങ്ങനെയുള്ള ചിന്തകളാൽ അവൻ അസ്വസ്ഥനായി. ഒടുവിൽ അവൻ തന്റെ പിതാവിന്ന് ഇപ്രകാരം ഒരു കത്തെഴുതി "അടുത്ത വെള്ളിയാഴ്ച ഞാൻ വണ്ടി കയറി അങ്ങോട്ടുവരും. എന്നെ സ്വീകരിക്കുമെങ്കിൽ നമ്മുടെ മുറ്റത്തു നില്ക്കുന്ന ആപ്പിൾ മരത്തിന്മേൽ ഒരു വെളുത്ത തൂവാല കെട്ടിതൂക്കുക. അതു കണ്ടില്ലെങ്കിൽ ഞാൻ യാത്ര തുടർന്ന് എവിടെയെങ്കിലും പൊയ്ക്കൊള്ളാം." ഭയത്തോടും, നിരാശയോടും, ആശങ്കയോടും കൂടെ അവൻ വണ്ടി കയറി അക്ഷമനായി പുറത്തേക്കു നോക്കി ഇരുന്നു. അവന്റെ അടുത്ത് ഒരു ക്രിസ്ത്യാനി ഇരുന്നിരുന്നു. അയാളോട് അവൻ തന്റെ കഥ പറഞ്ഞു. അവർ പുറത്തേക്കു നോക്കിക്കൊണ്ടിരിക്കെ വണ്ടി അവന്റെ വീട്ടിനോടടുത്തു. അവന്റെ ഹൃദയത്തുടിപ്പുകൾ

വർദ്ധിച്ചു. ഒരിക്കലും ക്ഷമിക്കാൻ പറ്റാത്ത അപരാധങ്ങളല്ലേ താൻ തന്റെ വീട്ടുകാരോടു കാണിച്ചത്? അവർ എങ്ങനെ അതൊക്കെ ക്ഷമിക്കും? സഹിക്കും? അങ്ങനെ അസ്വസ്ഥനായി ഭയന്നു വിറച്ചു കുറ്റബോധത്തോടെ ഇരിക്കുമ്പോൾ അതാ വണ്ടി അവന്റെ വീടിന്റെ പരിസരത്തെത്തിയിരുന്നു! വിസ്മയം കൊണ്ട് അവന്റെ കണ്ണുകൾ നിറഞ്ഞു. ആപ്പിൾ മരം നിറയെ വെളുത്ത തൂവാലകൾ കാറ്റത്തു പാറിപ്പറക്കുന്ന കാഴ്ച അവനു വിശ്വസിക്കാനായില്ല. വണ്ടി നിന്നു. അവൻ ചാടി ഇറങ്ങി ഓടി വീട്ടിലെത്തി. സ്നേഹവാനായ പിതാവും മാതാവും സഹോദരങ്ങളും അവനെ സന്തോഷത്തോടെ സ്വീകരിച്ചു. ഇതൊരു സംഭവകഥയാണെങ്കിലും ഇതിലെ സന്ദേശം ഇന്നും നിലനില്ക്കുന്നു. ഏതു പാപിയേയും സ്വീകരിച്ചു സ്നേഹിക്കുവാൻ കാത്തിരിക്കുന്ന സ്വർഗ്ഗീയ പിതാവ്! വീട്ടുമുറ്റത്തെ ആപ്പിൾ മരം കാല്വറി ക്രൂശിനെ എടുത്തു കാണിക്കുന്നു. ധാരാളം ക്ഷമിക്കുന്ന ഒരു പിതാവ് ഏതു പാപിയേയും സ്വീകരിപ്പാൻ കാത്തിരിക്കുന്നു. അവന്റെ പക്കൽ ധാരാളം ക്ഷമയുണ്ട്! പാപങ്ങൾ ഏറ്റു പറഞ്ഞ് അനുതപിച്ച്, പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുന്ന ഏത് അധമപാപിയേയും സ്നേഹിച്ച് പാപങ്ങളെ ക്ഷമിച്ച് തന്റെ പുത്രന്റെ രക്തത്താൽ കഴുകി ശുദ്ധീകരിച്ച് സ്വന്തം മകനും മകളുമാക്കി സ്വീകരിക്കുന്ന നല്ല പിതാവ്! എന്തിനു മടിക്കുന്നു! ഇന്നു തന്നെ ഈ ദൈവത്തിങ്കലേക്കോടി വന്ന് രക്ഷപ്രാപിക്കുക. വീണ്ടെടുക്കപ്പെട്ട ദൈവമക്കളോട് പിതാവു കല്പിക്കുന്നത്. 'ഞാൻ നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും അന്യോന്യം ക്ഷമിക്കണം" എന്നാകുന്നു. ഇന്നു പലർക്കും അതിനു മനസ്സില്ലാതെ പകയും പിണക്കവും വച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയല്ലെ കാണുന്നത്. എത്ര ക്ഷമ ചോദിച്ചാലും ക്ഷമിക്കുവാനോ, മറക്കുവാനോ മനസ്സില്ലാത്ത മാതാപിതാക്കൾ, സഹോദരങ്ങൾ, ഭാര്യാഭർത്താക്കന്മാർ , സഹവിശ്വാസികൾ അതുകൊണ്ടുണ്ടാകുന്ന വഴക്കുകൾ, പിണക്കങ്ങൾ, ഭിന്നതകൾ, വേർപാടുകൾ, പക, പ്രതികാരബുദ്ധി, എത്ര അപകടം നിറഞ്ഞതാകുന്നു ചിന്തിക്കുക!

പ്രിയമുള്ളവരെ ഇതുവായിക്കുന്ന ആരെങ്കിലും പാപക്ഷമ പ്രാപിക്കാതെ നിരാശയിൽ കഴിയുന്നുവെങ്കിൽ സ്നേഹവാനായ ദൈവത്തിങ്കലേക്കു തിരിയുക. പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുക. പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുക. പാപക്ഷമ പ്രാപിച്ചവർ മറ്റുള്ളവരോടു ക്ഷമിക്കുവാനോ, ഒന്നിച്ചു ചേർന്നു സ്നേഹിച്ചു പോകുവാനോ മനസ്സില്ലാതെ ഹൃദയം കഠിനമാക്കുന്നുവെങ്കിൽ ഇന്നു തന്നെ ഒരു തീരുമാനമെടുക്കുക. മനഃപൂർവ്വം ക്ഷമിക്കുക; വിട്ടുകളയുക; നമ്മെ സ്നേഹിച്ച്, നമ്മുടെ അപരാധങ്ങളെ ക്ഷമിച്ച ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ നിറഞ്ഞു കവിഞ്ഞൊഴുകട്ടെ! ഒത്തുതീർപ്പിലെത്തുക.

"നാമന്യോന്യം സ്നേഹിക്കുക, ക്രിസ്തൻ ഭക്തരായോരേ!

നാൾക്കുനാൾ നാം ജ്വലിപ്പിക്ക ദൈവത്തിൻ സ്നേഹാഗ്നിയെ!" എന്ന് ആത്മാർത്ഥമായ അനുഭവത്തോടെ പാടി മുന്നേറുക. മനഃപൂർവ്വം ക്ഷമിക്കുമ്പോഴും, ക്ഷമിക്കപ്പെടുമ്പോഴും ഉണ്ടാകുന്ന സന്തോഷവും സമാധാനവും അനുഭവിച്ചറിയുക. ഒരു ഹിതപരിശോധന ചെയ്യുവാൻ സ്വയം സമർപ്പിക്കാം. കർത്താവു കൃപ ചെയ്യട്ടെ!

●

# നേരോടെ നടക്കുക

അന്നമ്മ സി. ജോൺ, തിരുവനന്തപുരം

നേരോടെ നടന്നാൽ ദൈവം ഒരു നന്മയും മുടക്കുകയില്ല; നടപ്പിൽ വക്രത കാട്ടരുത്. നമ്മുടെ ദൈവവുമായുള്ള ബന്ധത്തിൽ വായ് തുറക്കുന്നത് നേരിനായിരിക്കണം. ഭോഷ്ക് പറയുന്നവരുടെ വായ് അടഞ്ഞുപോകും. ദൈവം വായ് അടച്ചാൽ തുറക്കുവാൻ സാധ്യമല്ലാത്ത വിധം ആയിരിക്കും അടയ്ക്കുന്നത്. നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും. ഉപദേശിയായിരുന്നാലും എത്ര കള്ളങ്ങൾ ഒരു ദിവസം പറയും. എന്നിട്ടു പറയും ഞാൻ കള്ളം പറഞ്ഞത് എന്തിനാണെന്ന് ദൈവത്തിനറിയാം. തീർച്ചയായും അറിയാം. അങ്ങനെ രക്ഷപ്പെടുക വേണ്ട. ദൈവം ചെയ്യരുതെന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചെയ്യാതിരിപ്പാൻ ശ്രദ്ധിക്കുക.

സത്യം നിങ്ങളെ സ്വതന്ത്രരാക്കും. സത്യത്തിന് സാക്ഷ്യം വഹിക്കുക. പണം കൊടുത്ത് ഓരോരുത്തരെയും കോടതിയിൽ കൊണ്ടുപോകും, കള്ളക്കേസുകൾ പറയുവാൻ. പണം കിട്ടിയാലും വേണ്ടെന്നു വയ്ക്കുക. ഒരു ദിവസം ഒരു കള്ളമെങ്കിലും പറയാതിരിക്കുവാൻ പ്രയാസം. ഗൾഫിനു പോയാൽ ടീച്ചർ വിസാ, ചൈനയ്ക്കുപോയാൽ ബിസിനസ് വിസാ, ഇങ്ങനെ കള്ളവും നേരും അല്ലാത്ത കാര്യങ്ങൾ പറയുവാൻ ഉപദേശിലോകം മടിക്കുന്നില്ല. സുവിശേഷ യോഗങ്ങൾ ലെപ്രസി ഇറാഡിക്കേഷന്റെ മറവിൽ നടത്തി അധികാരികളെ കബളിപ്പിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ? സത്യസന്ധമായി വേണം സുവിശേഷം പ്രചരിപ്പിക്കുന്നത്. പല സുവിശേഷപ്രവർത്തനങ്ങളും സത്യസന്ധമല്ലാത്തതുകൊണ്ട് നാം സത്യം പറഞ്ഞാലും നമ്മെ ജനം അംഗീകരിക്കുകയില്ല. എന്നിരുന്നാലും ദൈവവുമായുള്ള ബന്ധത്തിൽ നമ്മുടെ കൈ വിശുദ്ധമാണല്ലോ എന്നു സമാധാനിക്കുക. ആവശ്യത്തിനും അനാവശ്യത്തിനും കള്ളം പറയരുത്. മാതൃകാ ക്രിസ്തീയജീവിതം നയിക്കണം. നമ്മുടെ ജീവിതം കണ്ടുവേണം മറ്റുള്ളവർ ക്രിസ്തുവിനെ കാണുവാൻ. എല്ലാവരും കള്ളരെന്നു ധരിക്കരുത്. ഒരു ഉപദേശി പറഞ്ഞ ഒരു കള്ളമാണ് മുകളിൽ എഴുതിയ വിസാകാര്യം. അതിനു ഞാനും കുടുംബവും ദൃക്സാക്ഷികളാണ്. ഉപദേശി ഇതാണെങ്കിൽ മറ്റുള്ളവരെ എന്തു പറയാനാണ്. ഒരു ഉദാഹരണം പറയട്ടെ. തൊഴിൽ മിഷണറി എന്നു വിസായ്ക്കുള്ള അപേക്ഷയിൽ വച്ചാൽ വിസാ കിട്ടുകയില്ലെന്നുപറഞ്ഞ കാരണത്താൽ എന്റെ മൂത്ത മകൻ സുവിശേഷവേലക്കാരൻ മിഷനറി വിസായ്ക്കു തന്നെ ആപ്ലിക്കേഷൻ കൊടുത്തു. അവർ അത് അനുവദിച്ച് അവൻ ദുബായിൽ പോയി. അവിടെയുള്ള കുടുംബാംഗങ്ങളെ സന്ദർശിക്കുവാനാണ് പോയത് അല്ലാതെ പൈസ സമ്പാദിക്കുവാൻ പോയതല്ല. അങ്ങനെ ഞങ്ങൾ ചെയ്യുകയുമില്ല. ഉപദേശി വേദപുസ്തകം കള്ളക്കടത്ത് ചെയ്യുവാൻ പാടില്ല. ഉപദേശി വിസായിൽ വേദപുസ്തകം വില്ക്കുവാൻ ആണു പോകുന്നത് എന്നു തന്നെ വിസാ അപേക്ഷയിൽ വയ്ക്കണം. വിസാ കിട്ടിയില്ലെങ്കിൽ

അത് ദൈവഹിതമല്ലായെന്നു കരുതുക. ദൈവം അവസരം തരുമ്പോൾ പോകുക. വ്യാജമാർഗ്ഗത്തിൽ ദൈവവചനം പറയണമെന്നു ദൈവം പറഞ്ഞിട്ടില്ല. കള്ളം പറയുവാൻ ദൈവം അധികാരം തന്നിട്ടില്ല.

വടക്കോട്ടു പോകുന്നുവെന്നു നാം പറഞ്ഞ് തെക്കോട്ടു പോകരുത്. വടക്കു തന്നെ പോകണം. ആളുകളെ കാണുമ്പോൾ കള്ളദർശനവും ദൂതും എല്ലാം കിട്ടും. പ്രസംഗിക്കുവാൻ സ്റ്റേജിൽ കയറിയാൽ നുണ പറയരുത്. നന്മ സുവിശേഷിക്കണം. സാത്താൻ ഭോഷ്ക്ക് പറയുന്നവനും അവന്റെ പിതാവുമാണ്. പിന്നെ കള്ളം പറയുവാൻ എന്തു പ്രയാസം. കള്ളം പറയുന്നവരുടെ ഹൃദയത്തിൽ സാത്താൻ ആണ് വസിക്കുന്നതെന്ന് നമുക്ക് സംശയം കൂടാതെ പറയുവാൻ കഴിയും. എന്നെ സംബന്ധിച്ചിടത്തോളം എന്റെ ദർശനവും ദൂതും എന്റെ വേദപുസ്തകമാണ്. ആയതിനാലാണ് അത് സത്യവേദപുസ്തകം എന്ന് അറിയപ്പെടുന്നത്.

ഒരു മകന്റെ ദുരിതം ഇവിടെ എഴുതിക്കൊള്ളട്ടെ. ഒരു പിതാവിന് ഉച്ചയ്ക്ക് ഊണിന് വരുമ്പോൾ എന്നും ഇറച്ചിവേണം. ഒരു ദിവസം ഇറച്ചി കിട്ടിയില്ല. അമ്മ ഒരു പട്ടിയെ കൊന്ന് പെട്ടെന്നു ഇറച്ചി ഉണ്ടാക്കി. മകൻ വല്ലാത്ത സങ്കടത്തിൽ ആയി. നേരു പറഞ്ഞാൽ അപ്പൻ പട്ടി ഇറച്ചി തിന്നുകയില്ല. മോൻ നേരു പറഞ്ഞാൽ അപ്പൻ അമ്മയെ തല്ലും. കള്ളം പറഞ്ഞാൽ അപ്പൻ പട്ടി ഇറച്ചി തിന്നും. ആ മകൻ എന്തു ചെയ്യും. അമ്മ അടിക്കു യോഗ്യയാണ്. അടി തന്നെ കൊള്ളണം. എന്നിരുന്നാലും ആ കുട്ടി സത്യം പറയണം. പ്രസംഗിക്കുവാൻ ഉപദേശിമാർ സ്റ്റേജിൽ കയറിയാൽ കള്ളം പറയരുത്. നുണ പ്രസംഗിക്കരുത്. നന്മ സുവിശേഷിക്കണം. ദൈവത്തിനു വേണ്ടാത്തതു നമുക്കു വേണമോ? അതിനു വേണ്ടിയല്ലയോ കള്ളം പറയുന്നത്.

നാവു കൊണ്ട് കുരള പറയരുത്. ഒരു അത്യാവശ്യമില്ലെങ്കിലും ഒരു നുണ പറയുന്നത് ജീവിതത്തിന്റെ ഭാഗമായിപ്പോയി. ഭാഗ്യവാൻ എന്ന പേരിനു നാം യോഗ്യരായിരിക്കണം. അതുകൊണ്ടല്ലേ ഇന്നു ക്രിസ്ത്യാനിക്കു വില ഇല്ലാത്തതും അവരെ പട്ടിയെ തല്ലുന്നതുപോലെ തല്ലുന്നതും എന്നു ചിന്തിക്കുക. മാതൃകാ ക്രിസ്ത്യാനിയായി ജീവിക്കുക. നിങ്ങളുടെ ജീവിതം കണ്ട് മറ്റുള്ളവർ ക്രിസ്തുവിനെ അനുഗമിക്കും. ദൈവത്തിന്റെ സ്വന്ത നാടായ കേരളം എത്രമാത്രം അധഃപതിച്ചിരിക്കുന്നു. ചിലർ ആൾ തിരക്കിൽ കയറിയാൽ പണി എന്താണെന്നു നോക്കണം. അപ്പോൾ മനസ്സിലാകും ഇവരുടെ ക്രിസ്തീയ ജീവിതം എന്താണ് എന്ന്. ഒരു കീറിയ സഞ്ചിയും, ഒരു കീറിയ കുടയും, ഒരു കീറിയ വേദപുസ്തകവും ഉണ്ടെങ്കിൽ അന്നു കുശാൽ. നാവുകൊണ്ട് കുരള പറയരുത്. പിന്നീട് മൂക്കുകൊണ്ട് പറയാമെന്നു ധരിക്കരുത്. ആൾ ത്തിരക്കിനിടയിൽ അനാവശ്യം കാണിക്കുന്ന ഉപദേശിമാരുടെ വേദപുസ്തകം പിടിച്ചു വാങ്ങിച്ചിട്ട് അവർക്ക് കിട്ടേണ്ടത് കൊടുക്കുകയാണു വേണ്ടത്. ഇതുകൂടെ ഇരിക്കട്ടെ എന്നു പറയണം.

ഒരു കള്ളം പറഞ്ഞാൽ അതിന്റെ കൂടെ 1000 കള്ളം പറഞ്ഞാലും അതിൽ നിന്നും കരകയറുകയില്ല. ഈ വേല എന്തിനാണ്. കള്ളം പറയുക

യില്ലെന്ന് ജീവിതത്തിൽ ഒരു പ്രതിജ്ഞ എടുക്കുക. സത്യം സ്വാതന്ത്ര്യം തരും. ഒരു മതഗ്രന്ഥമെങ്കിലും കള്ളം പറയുവാൻ ഉപദേശിക്കുന്നുണ്ടോ? ഉയിർത്തു ജീവിക്കുന്ന യേശുക്രിസ്തുവിൽ വിശ്വസിക്കുക. മനുഷ്യ വർഗ്ഗത്തിന്റെ രക്ഷകനായി ജനിച്ചു, മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തു ഇതാണ് സുവിശേഷം. ഇതു പറയുമോ, അതോ ഉപദേശിമാർ ചെപ്പടിവിദ്യ കാണിക്കുമോ. ഏതാണ് നമ്മുടെ ദൗത്യം? ചെപ്പടി കളിക്കുള്ള പൊക്കണവും തൂക്കി രാവിലെ ഇറങ്ങിയാൽ വൈകുന്നേരമാകുമ്പോഴേക്കു കീശ നിറയും. കീശ നിറക്കുന്നവർ താത്ക്കാലിക സുഖം പ്രതീക്ഷിക്കുന്നു. വരുവാനുള്ള ലോകത്തിന്റെ നന്മ കാംക്ഷിക്കുന്നില്ല. സത്യം വില്ക്കരുത്. അതു വാങ്ങിക്കണം. ദുഷ്ടനെ നീതീകരിക്കരുത്. ദുഷ്ടൻ കള്ളം പറയുന്നവനും അവന്റെ അപ്പനും ആണ്. കല്പന അനുസരിക്കുന്നവരായി നാം ജീവിക്കണം. നേരുള്ളവൻ ദേശത്തു വസിക്കും. (സദൃ.2:21) അവൻ നേരുള്ളവർക്ക് രക്ഷ സംഗ്രഹിച്ചു വയ്ക്കുന്നു. (സദൃ.2:7). നേരുള്ളവർക്കു ഇരുട്ടിൽ വെളിച്ചം പകർന്നു തരുന്ന ദൈവം നമ്മോടുകൂടെ ഉണ്ടെങ്കിൽ പിന്നെ എന്തിനു കള്ളം പറയണം? നേരിന്റെ മാർഗ്ഗം ഉപദേശിക്കുവാൻ വ്യാജം പറയുന്നവർക്കു കഴിയുമോ? ഉപദേശിമാർ ഒന്നാമത് കള്ളം പറയുന്നത് നിർത്തണം. നേരിന്റെ മക്കളായി ദൈവത്തെ സേവിക്കുക; സ്നേഹിക്കുക എന്നുള്ള വിനീതമായ അഭ്യർത്ഥനയോടെ നിർത്തട്ടെ.

***************


## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക. http://www.gncs.org/ministries_publications.htm/ ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും മലയാളഭാഷ അറിയാവുന്ന ഏവർക്കും ബൈബിൾ പഠിക്കയും ക്രൈസ്തവ വനിത വായിക്കയും ചെയ്യാനുള്ള സംവിധാനമായി.

നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

# വീഞ്ഞില്ലാത്ത ഭവനം
## (യോഹ: 2:1-12)

**ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം**

രണ്ടായിരത്തില്പരം വർഷങ്ങൾക്കുമുമ്പ് ഒരു മഹാദൗത്യവുമായി ദൈവം മനുഷ്യനായി അവതരിച്ചു. ദൈവത്തിന്റെ ശത്രുക്കളായ മനുഷ്യവർഗ്ഗത്തെ ദൈവത്തോടു നിരപ്പിക്കുവാൻ നിരപ്പിന്റെ ശുശ്രൂഷയുമായി ദൈവം ദേഹരൂപത്തിൽ ബേത്ലഹേമിൽ ഭൂജാതനായി. ലോകത്തിൽ ഇതഃപര്യന്തം ഒരു മഹാരഥനും ഏറ്റെടുത്തിട്ടില്ലാത്ത ദൗത്യമായിരുന്നു അതെങ്കിലും അവിടത്തെ ബന്ധുവോ സ്നേഹിതനോ ആയ ഒരു വ്യക്തിയുടെ വിവാഹവിരുന്നിൽ പങ്കെടുക്കുവാൻ വേണ്ടി നസ്രേത്തിൽനിന്നും ഏതാണ്ട് ഒമ്പതു മൈലോളം അകലെയുള്ള ഗലീലയിലെ കാനാവിൽ ലോകരക്ഷകൻ സ്വശിഷ്യർസമേതം പോയെങ്കിൽ ഓരോ വ്യക്തിയുടെയും ജീവിതവുമായി ബന്ധപ്പെടാൻ യേശുകർത്താവിനു എന്തു താത്പര്യമാണെന്നു നമുക്കു ഊഹിക്കാവുന്നതേയുള്ളൂ. സാധാരണക്കാരുടെ വിവാഹം, ശവസംസ്കാരം തുടങ്ങിയവയ്ക്കു സംബന്ധിക്കാൻ സമയമോ സന്മനസ്സോ ഇല്ലാത്ത മതമേലദ്ധ്യക്ഷന്മാർക്കു നമ്മുടെ കർത്താവ് ശക്തമായ ഒരു താക്കീതാണു നല്കുന്നത്. അവർക്കു മാത്രമല്ല, മുൻഗണന നല്കേണ്ട കാര്യങ്ങൾക്കു മുൻഗണന നല്കാതെ, എന്നാൽ എപ്പോഴും തിരക്കിലായിരിക്കുകയും സമയത്തെ ശരിയായ രീതിയിൽ മുൻഗണനാക്രമത്തിൽ വിനിയോഗിക്കാതെ "ഒന്നിനും സമയമില്ലാത്ത" നമ്മിൽ പലർക്കും ഇതൊരു താക്കീതാണെന്നു ഓർക്കുക. സർവലോകത്തെയും പാപത്തിൽനിന്നും രക്ഷിക്കാൻവന്ന ലോകരക്ഷകനായ യേശുക്രിസ്തുവിനേക്കാൾ ജോലിത്തിരക്കിലാണു നമ്മിൽ പലരും എന്നു തോന്നിപ്പോകുന്നു! നമുക്ക് എല്ലാവർക്കും ദിവസത്തിനു 24 മണിക്കൂർ തന്നെ ഉണ്ട്. ചിലർക്കു 24 -ൽ കൂടുതലും മറ്റു ചിലർക്ക് 24 -ൽ കുറവും അല്ല എന്ന് മനസ്സിലാക്കിയാൽ നന്നായിരുന്നു.

യെഹൂദവിവാഹാഘോഷങ്ങൾ ഒരാഴ്ച നീണ്ടുനിന്നു. വിഭവങ്ങൾ ഒന്നിനും കുറവു വരുത്താതെ ആ ഏഴു ദിവസവും വിരുന്നുനടത്താൻ വരന്റെ കുടുംബം ബാധ്യസ്ഥരാണ്. എന്തിനെങ്കിലും ദൗർലഭ്യമുണ്ടായാൽ വരന്റെ കുടുംബം അവഹേളിതരാകുമെന്നു മാത്രമല്ല, വധുവിന്റെ വീട്ടുകാരെയും ബന്ധുമിത്രാദികളെയും ക്ഷണിച്ചുവരുത്തി അപമാനിച്ചതിനു കോടതികയറുകയും ന്യായാധിപൻ നിർദ്ദേശിക്കുന്ന പിഴ അടയ്ക്കുകയും വേണം. കാര്യം മഹാനാണക്കേടാണെന്നു മാത്രമല്ല, സാമ്പത്തിക നഷ്ടവും വരുത്തുന്നതാണ്. ഈ പശ്ചാത്തലത്തിൽ വേണം കാനാവിലെ കല്യാണവരുന്നിനെ വിശകലനം ചെയ്യുന്നത്. ആർഭാടമായ ഒരു വിവാഹവിരുന്നിൽ പ്രതീക്ഷിച്ചതിൽ വളരെക്കൂടുതൽ ആളുകൾ വന്നതുകൊണ്ട് ഭക്ഷണദൗർലഭ്യം ഉണ്ടായ സന്ദർഭത്തിൽ ആതിഥേയൻ വിവശനായത് ഞാൻ ഓർക്കുന്നു. സ്നേഹിതർ അദ്ദേഹത്തെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചത് വിഫലമായെന്നു പറഞ്ഞാൽ മതിയല്ലോ. കാനാവിലെ കലവറയിലെ ഗുരുതരമായ പ്രശ്നം വിരുന്നുവാഴിയുടെ ചെവിയിലെത്താതെ പരിഹരിക്കപ്പെടാൻ യേശുക്രിസ്തുവിന്റെ മഹനീയ സാന്നിധ്യം ഉപയുക്തമായി.

കാനാവിലെ കല്യാണവീട്ടിൽ നമ്മുടെ കർത്താവിനെ മൂന്നു വ്യത്യസ്തനിലകളിൽ കാണാവുന്നതാണ്. അതിഥിയായ യേശു, മറിയയുടെ മകനായ യേശു, ആതിഥേയനായ യേശു. യേശുവിനെ ക്ഷണിച്ചവർ അവൻ വല്ല അത്ഭുതവും

പ്രവർത്തിക്കും എന്ന പ്രതീക്ഷയോടെ വിളിച്ചിരിക്കാനിടയില്ല കാരണം, കാനാവിലെ തന്റെ അത്ഭുതപ്രവൃത്തി "അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വച്ചു ചെയ്തു" എന്നു യോഹന്നാൻ (2:11) രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നും യേശുക്രിസ്തു അതുവരെ അന്യാദൃശങ്ങളായ അത്ഭുതപ്രവൃത്തികളൊന്നും തന്നെ ചെയ്തിരുന്നില്ല എന്നു മനസ്സിലാക്കാം. അതിഥിയായ യേശു കേവലം മറിയയുടെ മകൻ മാത്രമായിരുന്നു ആ വിരുന്നിൽ സംബന്ധിക്കുന്നതുവരെയും. എന്നാൽ താൻ വാസ്തവത്തിൽ ആരാണെന്നുള്ള യാഥാർത്ഥ്യം വെളിപ്പെടുത്തുവാൻ ആ വിവാഹവിരുന്നിലെ വീഞ്ഞിന്റെ ദൗർലഭ്യം ഒരു നിമിത്തമായി പരിണമിച്ചു.

യേശുവിന്റെ അമ്മ വിരുന്നുവീട്ടിൽ വീഞ്ഞില്ല എന്ന വസ്തുത യേശുവിനെ അറിയിക്കുന്നു. പ്രശ്നം അറിയേണ്ടവനെ, പരിഹരിക്കാൻ കഴിയുന്നവനെയാണു മറിയ അറിയിച്ചത്. നാമായിരുന്നെങ്കിൽ എന്താണു ചെയ്യുക? അറിയേണ്ടവരെ അറിയിക്കാതെ മറ്റുള്ളവരോടു പറഞ്ഞുനടക്കും, അല്ലേ? അതിനു 'പരദൂഷണം' എന്നാണു പേർ. മറിയയാകട്ടെ 'ഇരുചെവിയറിയാതെ' പ്രതിസന്ധിയെ ശരിയായരീതിയിൽ നേരിടാൻ കഴിയുന്നവനെ അത് അറിയിക്കുന്നു. ആ വീട്ടിൽ അധികമാരും അറിയാത്ത പ്രശ്നം 'മകനോട്' എന്ന നിലയിലാണ് മറിയ യേശുവിനെ അറിയിക്കുന്നത്. നാം സാധാരണ ഒരു പ്രശ്നം അഭിമുഖീകരിച്ചാൽ ഏതു ഘട്ടത്തിലാണു അതുമായി യേശുകർത്താവിനെ സമീപിക്കുന്നത് എന്നു ചിന്തിക്കുക. മാതാവിന്റെ ഹിതാനുവർത്തിയാവാനല്ല കർത്താവു ജഡശരീരമെടുത്തത് പ്രത്യുത പിതാവിന്റെ ഹിതം നിറവേറ്റുവാനാണ് (യോഹ. 6:38). യേശുവാകട്ടെ, മാതൃ-പുത്രബന്ധത്തിലുപരിയായി താനൊരു ദൈവികദൗത്യവുമായി അവതരിച്ച വ്യക്തിയാണെന്ന വസ്തുത മറിയയെ ഓർമ്മിപ്പിക്കയാണ്, "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്ന ചോദ്യത്തിലൂടെ ചെയ്യുന്നത്. ഏതാണ്ടു മൂന്നു ദശകങ്ങൾക്കുമുമ്പ് താൻ പരിശുദ്ധാത്മാവിനാൽ 'അത്യുന്നതന്റെ പുത്രനെ' ഗർഭം ധരിക്കുമെന്നു ദൈവദൂതൻ മറിയയോടു പറഞ്ഞത് ഒരു പക്ഷേ മറിയയുടെ സ്മൃതിപഥത്തിലോടിയെത്തിയിരിക്കും. മകനെ അനുനയിപ്പിക്കുന്നതിനു പകരം അവൻ എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യാൻ ശുശ്രൂഷക്കാരോടു മറിയ പറയുന്നു. തന്റെയും യോസേഫിന്റെയും പുത്രൻ എന്നു ഗലീലക്കാർ കരുതിയിരുന്ന യേശു അമാനുഷികനാണെന്ന വസ്തുത മറിയയ്ക്കു അറിയാമായിരുന്നു. പ്രശ്നം സ്വയം പരിഹരിക്കാനോ, മകനോടു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനോ അവൾ തുനിയുന്നില്ല. മറിയയുടെ സ്ഥാനത്തു നാമോരോരുത്തരും ആയിരുന്നുവെങ്കിൽ നാമെന്തെല്ലാം 'കുറുക്കുവഴികൾ' ആലോചിക്കുമായിരുന്നു! പ്രാവർത്തികമല്ലാത്ത പരിഹാരമാർഗ്ഗങ്ങൾ ആലോചിച്ച് തലപുകഞ്ഞ് പരാജയം ഏറ്റുവാങ്ങിയശേഷമല്ലേ ദൈവത്തിനു പ്രവർത്തിക്കാൻ നാം അവസരം കൊടുക്കാറുള്ളൂ? മറിയയെപ്പോലെ പ്രശ്നം ഉടലെടുക്കുന്ന ക്ഷണത്തിൽ അതുമായി നമ്മിൽ എത്രപേർ കർത്താവിനെ സമീപിക്കും?

മറിയ പറയുകയാണ്, "അവർക്കു വീഞ്ഞു ഇല്ല" (വാ.3). മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നതാണു വീഞ്ഞെന്നു സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീ. 104:15). വീഞ്ഞു സന്തോഷത്തെ പ്രതിനിധാനം ചെയ്യുന്നു; അഥവാ, വീഞ്ഞില്ലാത്ത ഭവനത്തിൽ സന്തോഷമില്ല. വിരുന്നുകളിൽ നാം പങ്കെടുക്കുന്നത് എത്രയോ ഉത്സാഹത്തോടും ആഹ്ലാദത്തോടുമാണ്. പക്ഷേ, കാനാവിലെ വിരുന്നുവീട്ടിൽ സന്തോഷമില്ല; സന്താപമാണ്. വിരുന്നിലെ അവിഭാജ്യഘടകമായ വീഞ്ഞിന്റെ അഭാവമാണ് അവരുടെ സന്തോഷത്തെ നിഷ്പ്രഭമാക്കിയത്. ഇന്നു അനേകഭവനങ്ങളിൽ സന്തോഷമില്ല. ഭാര്യാഭർത്തൃബന്ധത്തിലുള്ള വിള്ളലുകൾ,

ശിക്ഷണരാഹിത്യത്തിന്റെ പ്രതീകങ്ങളായ മക്കൾ, മാറാരോഗങ്ങൾ, തൊഴിലില്ലായ്മ, വരവിനു ആനുപാതികമായി ചെലവിടാതെ കടക്കെണിയിലാവുക എന്നുവേണ്ടാ കുടുംബജീവിതത്തിലെ സന്തോഷം ഇല്ലാതാക്കുന്ന നിരവധി പ്രശ്നങ്ങൾ കുടുംബങ്ങളുടെ കെട്ടുറപ്പിനു തുരങ്കം വയ്ക്കുന്നു.

കാനാവിലെ കല്യാണവീടിനെ അഭിമുഖീകരിച്ച ഗുരുതരമായ പ്രശ്നം അറിയേണ്ടവരെ അറിയിച്ചപ്പോൾ അനിതരസാധാരണമായ രീതിയിൽ അതു പരിഹരിക്കപ്പെട്ടു. പ്രശ്നവുമായി യേശുവിനെ സമീപിച്ചപ്പോൾ ആ പ്രശ്നം ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ യേശു പരിഹരിച്ചുകൊടുത്തു. അതാണു നാമും ചെയ്യേണ്ടത്. പ്രശ്നങ്ങളുമായി അവ പരിഹരിക്കുവാൻ കഴിവുള്ള സർവശക്തനെ ആദ്യമേ സമീപിക്കുക. നമ്മെക്കാൾ നന്നായി അവനതു പരിഹരിച്ചുതരും. ഒന്നു പരീക്ഷിച്ചു നോക്കുക.

ബുദ്ധിയുള്ള ദമ്പതിമാർ യേശുവിനെ അവരുടെ ഭവനത്തിലേക്കും ജീവിതത്തിലേക്കും ക്ഷണിക്കും. വിവാഹം  ദൈവനിശ്ചയമെന്നു നാം പറയുമെങ്കിലും ദൈവത്തിനു ആ ബന്ധത്തിൽ മുഖ്യസ്ഥാനം നല്കാറുണ്ടോ? ചിന്തിക്കുക. വിവാഹശുശ്രൂഷയിലും തദനന്തരമുള്ള കുടുംബജീവിതത്തിലും എല്ലാം കർത്താവിന്റെ സാന്നിധ്യവും അനുഗ്രഹവും അനിവാര്യമാണ്. ശുശ്രൂഷകളും സത്കാരങ്ങളും എല്ലാം ദൈവനാമമഹത്ത്വത്തിനുതകുന്ന വിധം ആയിരിക്കണം. വധൂവരന്മാരുടെ വേഷഭൂഷാദികൾ മുതൽ വിരുന്നാഘോഷം വരെയും എല്ലാം ചന്തവും ഉചിതവും ആയിരിക്കണം. വിവാഹവിരുന്നുവേളയിൽ മാസ്റ്റർ ഓഫ് സെറിമണീസ് (വിരുന്നുവാഴിയെന്നു വിളിക്കാം) ഗ്ലാസ്സിൽ സ്പൂൺ തട്ടി ശബ്ദമുണ്ടാക്കുമ്പോഴെല്ലാം നവവധൂവരന്മാർ ആയിരങ്ങളെ സാക്ഷി നിറുത്തി ചുടുചുംബനം ചെയ്യുന്ന പതിവുവരെ വേർപെട്ട ചില വിശ്വാസികളുടെ വിവാഹവിരുന്നുകളിൽ സ്ഥാനം പിടിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. ലോകജനതയുടെ രീതികൾ വിശ്വാസികൾ പകർത്തുന്നതു അഭിലഷണീയമല്ല. യാഥാസ്ഥിതികരായ കഴിഞ്ഞ തലമുറയിലെ മാതാപിതാക്കളെ തലകുനിയിക്കുന്ന ഈ പ്രവണത വർദ്ധിച്ചുവരുന്നത് ദുഃഖകരമാണ്. അതൊരു വിധത്തിലും കർത്താവിനെ പ്രസാദിപ്പിക്കാൻ ഉപകരിക്കയില്ല.

വീഞ്ഞില്ലാത്ത (സന്തോഷമില്ലാത്ത) ഭവനങ്ങളുടെ ദുഃസ്ഥിതി മാറാനെന്താണ് വഴി? ഒന്നാമതായി യേശുക്രിസ്തുവിനു പ്രവേശനം അനുവദിക്കുക. രണ്ടാമതായി നമ്മുടെ ആവശ്യങ്ങളും ആവലാതികളും യേശുവിനോടു പറയുക. പലരും, കർത്താവിന്റെ വേലക്കാർ എന്നഭിമാനിക്കുന്നവർപോലും തങ്ങളുടെ ഇല്ലായ്മകൾ കർത്താവിനോടു പറയുന്നതിനുപകരം മനുഷ്യരോട്, അവരുടെ സഹായഹസ്തം പ്രതീക്ഷിച്ച്, പറയുന്നു. "മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലത്" (സങ്കീ. 118:8). യേശുവിനെ നമ്മുടെ ഭവനങ്ങളിൽ ഒരു അതിഥിയുടെ സ്ഥാനമാണ് കൊടുത്തിരിക്കുന്നതെങ്കിൽ ഒരു സ്ഥാനചലനം അനിവാര്യമാണ്. അവൻ നമ്മുടെ ആതിഥേയനായിത്തീരണം. കാനാവിലെ കല്യാണസദ്യയിലെ പോരായ്മ നികത്തപ്പെട്ടത്, അതിഥിയായ യേശു ആതിഥേയനായപ്പോഴാണ്. അപ്പോൾ വീഞ്ഞില്ലാത്ത ഭവനത്തിൽ ഏറ്റവും മെച്ചപ്പെട്ട വീഞ്ഞിന്റെ സമൃദ്ധിയായി. എല്ലാവരും സന്തോഷഭരിതരായി. കുടുംബജീവിതം സന്തുഷ്ടമാകണമെങ്കിൽ അതു ക്രിസ്തുവിൽ അധിഷ്ഠിതമായിരിക്കണം. അത്തരം ഭവനങ്ങളിൽ സന്തോഷസമൃദ്ധിയുണ്ടാകും. നമ്മുടെ ഭവനങ്ങൾ അപ്രകാരമുള്ളവ ആയിത്തീരാൻ ദൈവം സഹായിക്കട്ടെ.

●

# ഗുണകരമായി സംസാരിക്കുന്ന രക്തം

ജെസി ബെൻസെൻ, കൊച്ചി

യേശുക്രിസ്തുവിന്റെ പുണ്യാഹരക്തത്തെക്കുറിച്ച് ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തം എന്നാണ് നാം വായിക്കുന്നത്. (എബ്രാ.12:24) അതായത്, ഹാബേലിന്റെ രക്തം ഗുണകരമായി സംസാരിക്കുന്നു. അതിനെക്കാൾ ഗുണകരമായിട്ടാണ് യേശുക്രിസ്തുവിന്റെ രക്തം സംസാരിക്കുന്നത് എന്നാണ്.

ഹാബേലിന്റെ രക്തം ഗുണകരമായി സംസാരിച്ചത് എന്തായിരിക്കും..? "നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽ നിന്ന് എന്നോടു നിലവിളിക്കുന്നു" എന്നു ദൈവം കയീനോടു പറയുന്നതായി നാം കാണുന്നുണ്ട്. (ഉത്പ.4:10) സ്തെഫാനോസ് മരണത്തെ മുഖാമുഖം കണ്ടപ്പോൾ തന്നെ കല്ലെറിഞ്ഞു കൊല്ലുന്നവർക്കുവേണ്ടി "കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (പ്രവൃ.7:60) സ്തെഫാനോസ് തന്നെ ഉപദ്രവിക്കുന്നവർക്കു വേണ്ടി ഗുണകരമായി നിലവിളിക്കുന്ന രംഗമായിരുന്നു അത്. ഹാബേലിന്റെ നിലവിളിയും ദൈവസന്നിധിയിൽ എത്തിച്ചേരുകയും അതു നിമിത്തം ദൈവം കയീന് പേരിനൊരു ശിക്ഷ നല്കി, അവനെ ആരും കൊല്ലാതിരിക്കേണ്ടതിന് അടയാളം വച്ച് വിട്ടയയ്ക്കുകയും ചെയ്തു.

കാല്‌വറിയിലെ ക്രൂശിൽ വച്ച് കർത്താവ് ഇപ്രകാരം തന്നെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ" എന്നാണ് അവൻ പ്രാർത്ഥിച്ചത് (ലൂക്കൊ.23:34). ദൈവഹിതപ്രകാരവും ദൈവേഷ്ടത്തിനു വിധേയപ്പെട്ടും വഴിപാട് അർപ്പിക്കയും ആ വഴിപാടിന് ദൈവപ്രസാദവും ഉത്തമമായ യാഗമെന്ന സാക്ഷ്യവും പ്രാപിക്കയും നീതിമാനെന്ന് ദൈവം സാക്ഷ്യം പറയുകയും ചെയ്ത ഹാബേൽ തന്റെ സഹോദരനുവേണ്ടി ഗുണകരമായിട്ടല്ലാതെ, മറിച്ച് അപേക്ഷിച്ചിരിക്കുവാൻ സാധ്യതയില്ല. ക്രിസ്തീയ പ്രമാണം പ്രതികാരത്തിന്റെ പ്രമാണമല്ല, അത് ഗുണകരമായി മാത്രം അപേക്ഷിക്കുന്ന പ്രമാണമാണ്. ദൈവം കയീനെ ആരും കൊല്ലാതിരിക്കേണ്ടതിന് അടയാളം വച്ച് വിട്ടയച്ചത് തന്റെ പ്രിയനായ ഹാബേലിന്റെ നിലവിളിക്കുത്തരമായിട്ടായിരുന്നു. ഹാലേബിനെ ഓർത്ത് ദൈവം കയീനോട് കനിവോടെ പെരുമാറി, അവനെ വിട്ടയച്ചു.

എന്നാൽ അതിനേക്കാൾ ഗുണകരമായി സംസാരിക്കുന്ന, നമുക്കുവേണ്ടി നിലവിളിക്കുന്ന ഒരു പുണ്യാഹരക്തത്തിനരികിലേക്കാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. ആ രക്തത്താലാണ് നമുക്ക് ദൈവസന്നിധിയിലേക്കു പ്രവേശനം സാധ്യമായത്. ആ രക്തത്താലാണ് പേരിനൊരു ശിക്ഷ

(ശേഷം 27-ൽ)

# അവഗണിക്കപ്പെടുന്ന യുവാക്കൾ

ഇവാ. ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ

ഈയിടെ ഒരു ചെറുപ്പക്കാരൻ എന്നോടു പറഞ്ഞത് ശ്രദ്ധിക്കുക- ഞങ്ങളുടെ സഭയിൽ എന്തെങ്കിലും അഭിപ്രായം പറയണമെങ്കിൽ അമ്പതു വയസ്സു കഴിയണം. നമ്മുടെ കൂട്ടായ്മകളിൽ യുവാക്കളോടുള്ള സമീപനത്തിന്റെ പ്രത്യേക തെളിവാണത്. നമ്മുടെ സഭകളിൽ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും കാര്യമായ പങ്കൊന്നും വഹിക്കുവാനില്ല. ആരാധനായോഗങ്ങളിലും പ്രാർത്ഥനാ സമ്മേളനങ്ങളിലും അവർ തീർത്തും അവഗണിക്കപ്പെടുന്നു.

സഭായോഗങ്ങളിൽ ഒന്നെഴുന്നേറ്റ് നില്ക്കുവാൻ പോലും യുവാക്കൾക്കവസരമുണ്ടോ? പൊടിപ്പിള്ളേരായിരുന്നെങ്കിൽ എഴുന്നേറ്റു നിന്ന് യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാകയില്ല എന്നെങ്കിലും പറയാമായിരുന്നു. പാസ്റ്ററുടെയും പ്രായമായവരുടെയും ശുശ്രൂഷയാണ് ആരാധനയെന്നാണ് പല യുവാക്കളും ധരിച്ചിരിക്കുന്നത്. ചില യുവാക്കൾ ചിത്രം വരയ്ക്കാനുള്ള സമയം കണ്ടെത്തുന്നത് ആരാധനായോഗത്തിലാണ്. മറ്റു ചിലർ വേദപുസ്തകം വായിച്ചു കൊണ്ടിരിക്കുന്നതായി ഭാവിക്കും. അല്ലാതെ അവരെന്തു ചെയ്യും? അവർക്കുകൂടി താത്പര്യമുള്ള രീതിയിലാണ് ശുശ്രൂഷയെങ്കിൽ അവർ സഹകരിക്കും.

യൂത്തു ക്യാമ്പുകളിൽ പോലും യുവാക്കൾക്ക് വേണ്ടത്ര പരിഗണന കിട്ടുന്നില്ല. മൈക്ക് മിക്കവാറും പ്രസംഗകന്റെ കൈയിൽ നിന്നും വിട്ടുകിട്ടില്ല. യുവാക്കൾ ഉരിയാടാതിരിക്കുന്നു. നിർബന്ധിച്ചാൽ അവർ ഉന്നയിക്കുന്ന ചോദ്യം ബൈബിളിലെ ചോദ്യങ്ങൾ മാത്രം. അതിനു വല്ല ബൈബിൾ കമന്ററിയും വായിച്ചാൽ മതിയല്ലോ.

യൂത്തുകളോട് പ്രസംഗമല്ല ആവശ്യം. അവരോട് തുറന്ന സംവാദവും ചർച്ചയുമാണ് വേണ്ടത്. യുവാക്കളുടെ ഇടയിൽ നിന്നു കൊണ്ടായിരിക്കണം ക്ലാസ്സെടുക്കേണ്ടത്. അവരുടെ പ്രശ്നങ്ങൾ കേൾക്കുവാൻ മനസ്സു വേണം. അവർക്ക് സാന്ത്വനം നല്കണം. അവരുടെ മനസ്സ് തുറക്കുവാൻ യൂത്ത് ക്യാമ്പുകളിൽ അവസരം കൊടുക്കണം. അവരുടെ മാനസിക പ്രശ്നങ്ങൾ, സംഘർഷങ്ങൾ, സംശയങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ എല്ലാം പങ്കുവയ്ക്കുവാൻ അവസരം ഉണ്ടാക്കണം. അടിച്ചിരുത്തുന്നതുപോലെ മറുപടി കൊടുക്കരുത്.

പല മാതാപിതാക്കളുടെയും പാസ്റ്റർമാരുടെയും ധാരണ ചെറുപ്പക്കാരെ കർശനമായി നിയന്ത്രിക്കുകയും ഒതുക്കുകയും വേണമെന്നാണ്. തത്ഫലമായി നമ്മുടെ ചെറുപ്പക്കാർ പൊതുവേ മിണ്ടാപ്രാണികളായി മാറുന്നു. സ്ക്കൂളുകളിലും കോളേജുകളിലും അവർക്കു ശോഭിക്കുവാൻ കഴിയാതെ വരുന്നു. പൊതുവേദികളിൽ മുന്നോട്ടു വരുവാൻ വിശ്വാസികളുടെ മക്കൾക്ക് പൊതുവേ മടിയാണ്. ശാസിച്ചിരുത്തുന്ന ഒരോർമ്മയാണ് അവരെ വേട്ടയാടുന്നത്. മത്സരപരീക്ഷകളിലും ജോലിക്കുള്ള ഇന്റർവ്യൂവിനും അന്തർമുഖരായ നമ്മുടെ കുട്ടികൾ പിൻതള്ളപ്പെടും.

യുവാക്കളുടെ ശക്തിയും ഊർജ്ജവും മനസ്സിലാക്കുന്ന സഭയും പാസ്റ്ററും യുവാക്കളെ അവഗണിക്കുകയോ അടിച്ചമർത്തുകയോ ചെയ്യില്ല. അവരുടെ ഊർജ്ജം ദൈവനാമ മഹത്ത്വത്തിനായി പ്രയോജനപ്പെടുത്തും. അതിനായി യുവാക്കൾക്കുള്ള പ്രോഗ്രാമുകൾ നിരന്തരം നടത്തും. സുവിശേഷീകരണ പ്രവർത്തനങ്ങളിൽ യുവാക്കളെ ഭാഗഭാക്കാക്കും. ഇങ്ങനെ ചെയ്യുന്ന സഭയും ആ സഭയിൽ കൂടുന്ന കുടുംബാംഗങ്ങളും അനുഗ്രഹിക്കപ്പെടും.

ദശാംശം തരാൻ ശേഷിയില്ലാത്തവരാണെങ്കിലും യുവാക്കളെ അവഗണിച്ചു മുന്നോട്ടു പോകുന്നു സഭ പിന്നീട് പ്രശ്നങ്ങളിലൂടെ കടന്നു പോകേണ്ടിവരും. ഹണിമൂൺ തീരുന്നതിനുമുമ്പ് തകർച്ചയിലേക്ക് നീങ്ങുന്ന കുടുംബങ്ങളെ പെന്തെക്കോസ്തു സഭകളിൽപോലും കണ്ടു വരുന്നു. പ്രീമാരിറ്റൽ കൗൺസിലിങ് നമ്മുടെ യുവാക്കൾക്ക് അത്യാവശ്യമായിട്ട് നല്കണം. നമ്മുടെ സഭകൾ അടിക്കടി കൃപയുള്ളവരെ വിളിച്ച് ഉണർവ്വു യോഗങ്ങൾ നടത്താറുണ്ട്. സഭയിലെ ചില മുരടന്മാരെ ഒന്നു നന്നാക്കിയെടുക്കാം എന്നു കരുതിയാണ് പാവം പാസ്റ്റർ യോഗങ്ങൾ ക്രമീകരിക്കുന്നത്. പക്ഷേ യോഗം കഴിയുമ്പോൾ സഭ കൂടുതൽ പ്രശ്നത്തിലേക്കും, ചില സഭകൾ പളർപ്പിലേക്കും നീങ്ങുന്നതായി കാണുന്നു. എന്നാൽ യുവാക്കൾക്കുവേണ്ടി മീറ്റിങ്ങുകൾ ക്രമീകരിക്കുകയോ യുവാക്കളെ ഉപയോഗിച്ച് സുവിശേഷ പ്രവർത്തനം നടത്തുകയോ ചെയ്താൽ പാസ്റ്റർക്ക് സംതൃപ്തിയോടും മനഃസമാധാനത്തോടും അന്നുറങ്ങാൻ കഴിയും.

ആരാധനായോഗം കഴിയുമ്പോൾ ശുശ്രൂഷകനൊരു കാര്യം ചെയ്യാം. ചെറുപ്പക്കാരെ രണ്ടു കരങ്ങൾ കൊണ്ടും ചേർത്ത് പിടിച്ച് അവരോട് പഠന കാര്യങ്ങളും ജോലി കാര്യങ്ങളുമൊക്കെ ചോദിച്ചറിയുക. യേശുവിന്റെ മാർവ്വിടത്തിൽ ചാരിയിരിക്കാൻ അവസരം കിട്ടിയ യോഹന്നാൻ കുരിശിന്റെ ചുവട്ടിൽ പോലും യേശുവിനൊപ്പമുണ്ടായിരുന്ന കാര്യം മറന്നു പോകരുത്. പിൻമാറ്റത്തിൽ പൊയ്ക്കൊണ്ടിരിക്കുന്ന ചെറുപ്പക്കാരേപ്പോലും ദൈവിക വഴിയിലേക്ക് കൊണ്ടുവരുവാൻ ഈ സ്നേഹപ്രകടനത്തിന് കഴിയും. മനസ്സിലൊട്ടും വിദ്വേഷമില്ലാതെ ആത്മാർത്ഥമായി കെട്ടിപ്പിടിച്ചെങ്കിൽ മാത്രമേ ഇത് ഫലവത്താകയുള്ളൂ.

നമ്മുടെ സഭകളിൽ പഠനത്തിൽ പുറകിലായ കുട്ടികളെയും മുൻനിരയിലേക്ക് കൊണ്ടുവരാൻ ശുശ്രൂഷകന്മാർക്ക് കഴിയും. പ്രിയ ദൈവസഭയെ, നിങ്ങളുടെ കൂട്ടത്തിലുള്ള കുട്ടികളെയും യുവാക്കളെയും അവർ പിഴയാണെന്നും പറഞ്ഞ് തള്ളിക്കളയരുതേ. അവരെ വ്യവസ്ഥയില്ലാതെ സ്നേഹിക്കുക. അവർക്ക് ആത്മീയ ശുശ്രൂഷകളിൽ മതിയായ പങ്കാളിത്തം നല്കുക. അവരുടെ സംശയങ്ങൾ അകറ്റി ഉത്തരവാദിത്വം നല്കി പ്രോത്സാഹിപ്പിക്കുക. അങ്ങനെ നമ്മുടെ യുവാക്കളെ തീക്ഷ്ണതയുള്ള ആത്മീയ പോരാളികളായി മാറ്റുവാൻ ശുശ്രൂഷകനും സഭയ്ക്കും കഴിയും.

●

# ചോദ്യോത്തരപംക്തി

(ഡോ. ചാൾസ്ജോൺ, തിരുവനന്തപുരം)

**ചോദ്യം 1 :- മത്തായി സുവിശേഷം 25-ാം അദ്ധ്യായം 31-34 വാക്യങ്ങളിൽ തേജസ്സിന്റെ സിംഹാസനത്തെക്കുറിച്ച് വായിക്കുന്നു. ആ ന്യായവിധികൾ ആർക്കുള്ളതാണ്? ആരാണ് ന്യായവിധി നടത്തുന്നത്? എപ്പോൾ ആണ്? യഹൂദന്മാർക്കു ന്യായവിധിയുണ്ടോ? (മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ)**

തേജസ്സിന്റെ സിംഹാസനം:- ഇവിടെ ന്യായവിധിക്കു വിധേയരാകുന്നത് ജാതികളാണ്. മഹാപീഡനസമയത്ത് കഷ്ടതയിലൂടെ കടന്നുപോയ യെഹൂദന്മാരോടു ജാതികൾ എങ്ങനെ പെരുമാറി എന്നതിന്റെ അടിസ്ഥാനത്തിലുള്ള ന്യായവിധിയാണിത്. സഹസ്രാബ്ദവാഴ്ചയ്ക്ക് (ആയിരമാണ്ടു വാഴ്ച) മുമ്പായി യെഹോശാഫാത്ത് താഴ്‌വരയിൽ യേശുക്രിസ്തു തേജസ്സിന്റെ സിംഹാസനത്തിലിരുന്നാണ് ഈ ന്യായവിധി നടത്തുന്നത്. മത്തായി 19:28 അനുസരിച്ച് ഈ സമയത്ത് പന്ത്രണ്ടു അപ്പൊസ്തലന്മാർക്കു പ്രത്യേകമായ അധികാരങ്ങൾ ഉണ്ടായിരിക്കും എന്നു കാണുന്നു. തദവസരത്തിൽ പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കും എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നും യെഹൂദനും ന്യായവിധിയുണ്ടെന്നാണല്ലോ അർത്ഥമാക്കേണ്ടത്? (യെഹസ്കേൽ പ്രവചനം 20ന്റെ 30 മുതൽ 44 വരെ വായിക്കുക).

**ചോദ്യം 2:- വെളിപ്പാടു പുസ്തകം 20-ാം അദ്ധ്യായത്തിന്റെ 4-ാം വാക്യത്തിൽ 'അവിടെ ന്യായാസനങ്ങളെ കണ്ടു' എന്നു കാണുന്നു. ആ ന്യായാസനങ്ങൾ ഏതാണ്? അതിൽ ആരാണു ന്യായം വിധിക്കുന്നത്?**

വെളിപ്പാട് 20 ലെ ന്യായാസനങ്ങൾ:- കർത്താവിന്റെ മണവാട്ടിയെന്ന നിലയിൽ സഭായുഗത്തിലെ വിശുദ്ധന്മാർ അവനോടുകൂടെ വാഴുന്നതിന്റെ വിവരണമാണിത്. മൃഗത്തിന്റെ മുദ്ര കൈക്കൊള്ളാതിരുന്ന ഒരു സമൂഹവും യോഹന്നാന്റെ ദൃഷ്ടിയിൽ പെടുന്നു. മഹോപദ്രവകാലത്ത് വിശ്വാസത്തിനുവേണ്ടി ജീവിതം ബലിയർപ്പിച്ച വിശുദ്ധന്മാരാണിവർ. സഹസ്രാബ്ദവാഴ്ചയിൽ മേല്പറഞ്ഞ രണ്ടുകൂട്ടരും കർത്താവിനോടു കൂടെ വാഴും.

**ചോദ്യം 3:- 2 കൊരി. 5:10 ൽ ക്രിസ്തുവിന്റെ ന്യായാസനത്തെക്കുറിച്ചു വായിക്കുന്നു. ഇത് സഭയ്ക്ക് സ്വർഗ്ഗത്തിൽ വച്ചു നടക്കുന്ന ന്യായവിധിയാണല്ലോ? ഈ ന്യായാസനവും വെളിപ്പാട് 20-ലെ ന്യായാസനവും രണ്ടാണോ, ഒന്നാണോ?**

ക്രിസ്തുവിന്റെ ന്യായാസനം:- 2 കൊരി. 5 ലെയും, വെളിപ്പാട് 20 ലെയും ന്യായവിധി രണ്ടുകൂട്ടർക്കുള്ളതാണ്. ഒന്നാമത്തേതു വിശ്വാസികൾക്കും രണ്ടാമത്തേത് അവിശ്വാസികൾക്കും ഉള്ളതാണ്. 2 കൊരി. 5:10 ലെ ന്യായാസനം 'ക്രിസ്തുവിന്റെ ന്യായാസനം' എന്നാണ് അറിയപ്പെടുന്നത്. ആ ന്യായാസനം നമ്മുടെ പാപങ്ങളെ വിധിക്കാനല്ല. അതിന്റെ വിധി ക്രൂശിൽ നടന്നു. അതുകൊണ്ടാണ് റോമർ 8:1 ൽ 'അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല' എന്നു പ്രസ്താവിച്ചിരിക്കുന്നത്.

ഇവിടെ പിന്നെ എന്താണു നടക്കുന്നത്? വിശ്വാസികളുടെ പ്രവൃത്തി ഇവിടെ വിലയിരുത്തപ്പെടുന്നു. അവനവൻ ജീവിച്ചിരുന്നപ്പോൾ കർത്താവിനുവേണ്ടി ചെയ്ത പ്രവൃത്തി നിത്യതയോടുള്ള ബന്ധത്തിൽ വിലയുള്ളതോ അതോ വിലയില്ലാത്തതോ എന്നാണു പരിശോധിക്കുന്നത് (മത്താ.12:36, റോമർ14:10-12, ഗലാ.6:7, എഫെ.6:8, കൊലൊ.3:24,25). മരം, പുല്ല്, വയ്ക്കോൽ ഇവകളാൽ ചെയ്ത വെന്തുപോകുന്ന വേലകൾ). പ്രതിഫലം ലഭിക്കയോ ഇല്ലാതെ പോകയോ

ചെയ്യാം. എന്നാൽ നരകത്തിൽ തള്ളപ്പെടുകയില്ല. 1കൊരി.3:1-15) New English Bible തർജ്ജമ അനുസരിച്ച് 'ക്രിസ്തുവിന്റെ കോടതിയുടെ മുമ്പാകെ നാം എല്ലാവരും നമ്മുടെ ജീവിതങ്ങളെ തുറന്നു വയ്ക്കുകയാണ്" ചെയ്യപ്പെടുന്നത്. നമ്മുടെ സേവനങ്ങളുടെ എണ്ണം മാത്രമല്ല, പിന്നെയോ അതോടൊപ്പം അതിന്റെ ഗുണവും അതു ചെയ്യുവാൻ പ്രേരിപ്പിച്ച ലക്ഷ്യം വരെയും പരിശോധിക്കപ്പെടും. ക്രിസ്തുവിന്റെ ന്യായാസനം എന്നുള്ളത് നാം കർത്താവിനുവേണ്ടി ചെയ്യുന്ന ശുശ്രൂഷകളോടുള്ള ബന്ധത്തിലാണ്. നാം ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ 'വെളിപ്പെടും' ഒരു വിശ്വാസിയുടെ മൊത്തം ജീവിതവും പ്രവൃത്തികളും വെളിച്ചത്തു വരും. അഭിനയമായിരുന്നുവെങ്കിൽ അതും വെളിപ്പെടും. ചിലർ ലജ്ജിക്കും. ചിലർ കിരീടം ചൂടും. പ്രവൃത്തിക്കു തക്ക പ്രതിഫലം കിട്ടും. അവിടെ നിന്നും ആരും നരകത്തിൽ പോകയില്ല; അതു പേടിക്കണ്ടാ. പക്ഷേ അന്ന് അനേകർ നാണംകെട്ടു മുഖം പൊത്തേണ്ടിവരും!

വെളിപ്പാട് 20 ലെ അന്ത്യന്യായവിധി;- (20:11-15) "വലിയ വെള്ള സിംഹാസനം ന്യായവിധിയുടെ വ്യാപ്തിയേയും വിശാലതയേയും സൂചിപ്പിക്കുന്നു. അതിൽ ഇരിക്കുന്ന ന്യായാധിപൻ ക്രിസ്തുതന്നെ. (യോഹ.5:22 അനുസരിച്ച് പിതാവു ആരേയും ന്യായം വിധിക്കുന്നില്ല). വിധിക്കപ്പെടുന്നവർ: കയീൻ മുതൽ ഉള്ള സകല അവിശ്വാസികളും. ജീവപുസ്തകം എന്നു പറയുന്നത് വീണ്ടും ജനനം പ്രാപിച്ച എല്ലാവരുടെയും പേരുകൾ രേഖപ്പെടുത്തിയിട്ടുള്ള പുസ്തകമാണ്. ജീവപുസ്തകത്തിൽ പേരില്ലാത്ത (അഥവാ, രക്ഷിക്കപ്പെടാത്ത) ഏവർക്കും നരകശിക്ഷ ലഭിക്കും. 'പ്രവൃത്തികൾക്കടുത്ത വിധി' എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട്, ന്യായവിധിയിലും ശിക്ഷയിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്നു മനസ്സിലാക്കാം.

മേൽപറഞ്ഞ വിശദീകരണം സഹോദരിയുടെ സംശയങ്ങൾക്കു ഒരു പരിധിവരെ നിവാരണമായി എന്നു കരുതുന്നു.

---

(*ഗുണകരമായി സംസാരിക്കുന്ന രക്തം* 23 ന്റെ തുടർച്ച )

പോലും നല്കാതെ ദൈവം നമ്മെ സ്വതന്ത്രരായി വിട്ടയച്ചത്. അതെ, ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനരികിലേക്കാണ് നാം എത്തിച്ചേർന്നിരിക്കുന്നത്.

യേശുക്രിസ്തു നിമിത്തം നാം ശിക്ഷാവിധിയിൽ നിന്നും ഒഴിവുള്ളവരായിത്തീർന്നുവെന്നു മാത്രമല്ല, നാം ദൈവത്തിന്റെ മക്കളും ക്രിസ്തുവിന്റെ കൂട്ടവകാശികളും ആയിത്തീരുകയും ചെയ്തു. കൂടാതെ, സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങൾക്കും നമ്മെ ഓഹരിക്കാരാക്കുകയും സ്വർഗ്ഗീയ പൗരന്മാരാക്കുകയും ചെയ്തു. ഹാബേലിന്റെ രക്തം കയീനു വേണ്ടി മാത്രമാണ് നിലവിളിച്ചതെങ്കിൽ യേശുക്രിസ്തുവിന്റെ രക്തം സകല മാനവജാതിക്കും വേണ്ടിയാണ് ദൈവത്തോടു ഗുണകരമായി സംസാരിച്ചത്. ആകയാൽ നമുക്കുവേണ്ടി ഗുണകരമായി സംസാരിക്കയും ഇന്നും നമുക്കുവേണ്ടി ദൈവസന്നിധിയിൽ പക്ഷവാദം കഴിക്കയും ചെയ്യുന്ന ആ സ്നേഹത്തിന്റെ മുമ്പാകെ നമുക്കു അനുസരണമുള്ളവരായിരിക്കാം. ദൈവം കൃപ നല്കട്ടെ.

*****************

# Quest – 29

(ഈ ലക്കം QUEST - ലെ ചോദ്യങ്ങൾ മർക്കോസ് സുവിശേഷത്തിൽ നിന്നാണ്.)

1. ബൊവനേർഗ്ഗെസ് എന്ന പേരിന്റെ അർത്ഥം?
2. കുരുടനെ തൊടണമെന്ന് അപേക്ഷിച്ചത് എവിടെ വച്ചാണ്?
3. തിമായിയുടെ മകന്റെ പേര്?
4. എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല എന്ന് പറഞ്ഞത് ആര്?
5. ഏത് തോട്ടത്തിൽ വച്ചാണ് യൂദാ യേശുവിനെ ചുംബിച്ച് കാണിച്ച് കൊടുത്തത്?
6. കുറേനക്കാരനായ ശീമോന്റെ മക്കൾ ആരെല്ലാം?
7. ഈ മനുഷ്യൻ ദൈവപുത്രൻ ആയിരുന്നു സത്യം എന്ന് പറഞ്ഞത് ആര്?
8. മഗ്ദലക്കാരത്തി മറിയയുടെ എത്ര ഭൂതത്തെ യേശു പുറത്താക്കി?
9. "എഫഥാ" എന്ന വാക്കിന്റെ അർത്ഥം?
10. ദൂതന്മാർ ശുശ്രൂഷിച്ചത് ആരെയാണ്?
11. അല്ഫായിയുടെ മകന്റെ പേര്?
12. കൊർബ്ബാൻ എന്ന വാക്കിന്റെ അർത്ഥം?
13. മകളുടെ ഭൂതം പുറത്താക്കുവാൻ യേശുവിനോട് ആവശ്യപ്പെട്ടത് ആര്?
14. നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നത്. ഇത് ആര് ആരോട് പറഞ്ഞതാണ്?
15. വിതെക്കുന്നവൻ എന്ത് വിതെക്കുന്നു?
16. പീലാത്തൊസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചത് ആര്?
17. ദാവീദ് പുത്രാ, എന്നോട് കരുണ തോന്നേണമേ എന്ന് നിലവിളിച്ചത് ആര്?
18. പുനരുത്ഥാനം ഇല്ല എന്ന് പറയുന്നത് ആര്?
19. നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ എന്ന് ചോദിച്ചത് ആര്?
20. "ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ" ആരുടെ വാക്കുകൾ?

**പ്രത്യേക ശ്രദ്ധയ്ക്ക്**

Quest 29 ന്റെ ഉത്തരങ്ങൾ
**2013** April **20** നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**
ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം, കേരള 695 031.

## Quest -28 ന്റെ ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | ഹൃദയം | - മത്തായി 6:21 |
| 2. | ശതാധിപൻ | - മത്തായി 8:8 |
| 3. | വായ് | - മത്തായി 12:34 |
| 4. | യാക്കോബ്, യോസെ, ശീമോൻ, യൂദാ | - മത്തായി 13:55 |
| 5. | യേശു | - മത്തായി 14:25 |
| 6. | കഫർന്നഹൂമിൽ | - മത്തായി 17:24 |
| 7. | ഒലിവുമല | - മത്തായി 21:1 |
| 8. | യേശുവിന്റെ | - മത്തായി 22:18 |
| 9. | സെഖര്യാവിനെ | - മത്തായി 23:35 |
| 10. | അരിമഥ്യക്കാരനായ യോസേഫ് | - മത്തായി 27:57 |
| 11. | യെഹൂദ്യ | - മത്തായി 3:1 |
| 12. | കണ്ണ് | - മത്തായി 6:22 |
| 13. | പതിന്നാല് | - മത്തായി 1:17 |
| 14. | ഗലീല | - മത്തായി 4:18 |
| 15. | യേശു | - മത്തായി 21:12,13 |
| 16. | ഹെരോദ്യ | - മത്തായി 14:3 |
| 17. | ശീമോന്റെ | - മത്തായി 26:6 |
| 18. | ഗെത്ത്ശെമന | - മത്തായി 26:36 |
| 19. | ദൈവം നമ്മോടു കൂടെ | - മത്തായി 1:22 |
| 20. | യാക്കോബ്, യോഹന്നാൻ | - മത്തായി 4:21 |

## QUEST 28- ന്റെ മുഴുവൻ ശരി ഉത്തരം അയച്ചവർ

1. മിസ്റ്റർ സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
2. ജിജി പ്രമോദ്, കല്ലയം, തിരുവനന്തപുരം
3. ജെസി മോൻസൺ, കരിയംപ്ലാവ്
4. എൽസി സെബാസ്റ്റ്യൻ, കൊട്ടിയം, കൊല്ലം
5. മോളിക്കുട്ടി ചാക്കോ, പാടിയോട്ടുചാൽ, കണ്ണൂർ
6. ഹെൽന വിൽസൻ, വിലങ്ങന്നൂർ, തൃശ്ശൂർ
7. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
8. മിസ്സിസ് മേഴ്സി ജോർജ്ജ്, മണ്ണുത്തി, തൃശ്ശൂർ
9. മറിയാമ്മ മാത്യു, കിഴക്കുംപാട്ടുകര, തൃശ്ശൂർ
10. ലീല ഫ്രെഡറിക്, പത്തിയൻഗാഡി, കോഴിക്കോട്
11. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
12. മിസ്സിസ്സ് ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
13. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
14. ഗ്ലാഡ്സൺ, മരുതൂർ, തിരുവനന്തപുരം
15. വൽസമ്മ സാം, മരുതൂർ, തിരുവനന്തപുരം

***വിജയികൾക്കു ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ***

Quiz Master




A bi-monthly publication by Good News Ministries, Akkulam Road, Trivandrum 695 031